# DIOCESAN BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

ORTHODOX SYRIAN CHURCH
KANDANAD EAST DIOCESE

**Vol. 21 No. 7, 2010 July 15**

എഡിറ്റോറിയൽ

# Can’t Sweeten Their Hands!

**സാം**സ്കാരിക കേരളത്തിന്റെ നടുമുറ്റത്ത് ചോരക്കറ വീഴ്ത്തിയ ഒരു കിരാത കൃത്യത്തിൽ നാടിന്നും ഞെട്ടിവിറയ്ക്കുകയാണ്. തൊടുപുഴ ന്യൂമാൻ കോളേജ് അദ്ധ്യാപകൻ പ്രൊഫ. റ്റി. ജെ. ജോസഫ് കഴിഞ്ഞ 4–ാം തീയതി ഞായറാഴ്ച പള്ളിയിൽ പോയി മടങ്ങുമ്പോൾ മൂവാറ്റുപുഴയിലുള്ള അദ്ദേഹത്തിന്റെ വസതിക്കു സമീപം വച്ച് തടഞ്ഞു നിർത്തി കാറിൽ നിന്ന് വലിച്ചിറക്കി അക്രമസംഘം കൈകാലുകളിൽ വെട്ടുകയും റോഡിൽ ബലമായി മലർത്തിക്കിടത്തി മഴുകൊണ്ട് അദ്ദേഹത്തിന്റെ വലതുകൈപ്പത്തി വെട്ടിമാറ്റി വലിച്ചെറിയുകയും ചെയ്ത സംഭവമാണ് ഇവിടെ പരാമർശം. കഴിഞ്ഞ മാർച്ച് മാസത്തിൽ ന്യൂമാൻ കോളേജിൽ നടന്ന ബി.കോം ഇന്റേണൽ എക്സമിനേഷൻ ചോദ്യക്കടലാസിൽ പ്രവാചകനായ മുഹമ്മദ് നബിയെ സംബന്ധിച്ചതെന്ന് വ്യാഖ്യാനിക്കാവുന്ന മോശമായ ഒരു പരാമർശമുണ്ടായിരുന്നു പോലും. അതിന്റെ പേരിൽ അവിടെ ഒരു വിവാദം ശക്തമായത് ചോദ്യകർത്താവായ പ്രൊഫ. ജോസഫിന്റെ സസ്പെൻഷനിലും അദ്ദേഹത്തിനെതിരായ കേസ്സിലും കലാശിച്ചിരുന്നു. അതാണ് പ്രസ്തുത ആക്രമണത്തിന്റെ പശ്ചാത്തലം. അദ്ദേഹത്തെ മുസ്ലീം മത തീവ്രവാദികൾ നോട്ടപ്പുള്ളിയാക്കിയിട്ടുണ്ടെന്നും അദ്ദേഹത്തിന് വധഭീഷണി ഉണ്ടെന്നും ഇന്റലിജൻസ് റിപ്പോർട്ട് ഉണ്ടായിരുന്നതായും അറിയുന്നു. ആ നിലയ്ക്ക് അക്രമത്തിനു പിമ്പിൽ ആരാണെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

പരീക്ഷാചോദ്യത്തിന്റെ പേരിൽ ഇത്തരമൊരു ക്രൂര കൃത്യത്തിന് കേരളജനതയെ പരുവപ്പെടുത്തിയ സാഹചര്യം ചർച്ചാവിഷയമാകേണ്ടതാണ്. മത–രാഷ്ട്രീയ തീവ്രവാദങ്ങളുടെയും ഭീകരപ്രവർത്തനങ്ങളുടെയും വേരുകളും അടിയൊഴുക്കുകളും കേരളത്തിലും ശക്തിപ്പെടുന്നതിന്റെ ലക്ഷണങ്ങൾ പ്രകടമായി തുടങ്ങിയിട്ടുണ്ട്. മതത്തെയും രാഷ്ട്രീയ പാർട്ടികളെയും കൂട്ടുപിടിച്ച് ഏത് കുറ്റകൃത്യവും ചെയ്യാമെന്ന ധാരണ ഇവിടത്തെ ജനങ്ങൾക്ക് ഉണ്ടായിരിക്കുന്നു.

വാസ്തവ വിരുദ്ധമായ പ്രസ്താവന കൊണ്ടോ, അവഹേളനപരമായ പദപ്രയോഗങ്ങൾ കൊണ്ടോ മങ്ങലേൽക്കത്തവിധം നിസ്സാര വ്യക്തിത്വമാണോ ഇതിഹാസ പുരുഷന്മാർക്കും മതസ്ഥാപകർക്കുമെല്ലാം ഉള്ളത്? തീർച്ചയായും അല്ല. നൂറ്റാണ്ടുകളുടെ വിമർശനങ്ങളും ആക്ഷേപങ്ങളും അതിജീവിച്ചവരാണവർ. അവരൊക്കെ നമ്മുടെ ആക്ഷേപങ്ങൾക്കും ആരോപണങ്ങൾക്കുമെല്ലാം അതീതരാണ്. പ്രപഞ്ചസത്യങ്ങളുടെ–രഹസ്യങ്ങളുടെ–അന്വേഷകരും വിശദീകരുമായ ശാസ്ത്രജ്ഞന്മാരെ അവഹേളിക്കുകയും, പീഡിപ്പിക്കുകയും, കൊല്ലുകയും ചെയ്ത സംഭവങ്ങളില്ലേ? ആർക്കാണതിൽ പശ്ചാത്തപിക്കേണ്ടി വന്നത്. അതൊക്കെ ചെയ്തവർക്ക് തന്നെയല്ലേ? ‘മാന്യമായി വസ്ത്രധാരണം ചെയ്തിട്ടില്ല’ എന്ന കാരണം പറഞ്ഞ് ഗാന്ധിജിക്ക് കൂടിക്കാഴ്ച നിഷേധിച്ച സംഭവം അറിയില്ലേ? ആർക്ക് അതിൽ ഖേദിക്കേണ്ടി വന്നു? മഹാത്മജിക്ക് വല്ല മാനഹാനിയോ, വിലയിടിവോ സംഭവിച്ചോ? ക്രിസ്തുവിനെ വിമർശിക്കുന്ന–അവഹേളിക്കുന്ന– എത്രെയെത്ര ഗ്രന്ഥങ്ങൾ തന്നെ എഴുതപ്പെട്ടിട്ടുണ്ട്. ‘ആറാം തിരുമുറിവി’ന്റെയും ‘ഡാവിഞ്ചി കോഡി’ന്റെയും കഥയെങ്കിലും നിങ്ങൾക്ക് അറിയാമല്ലോ. അവയിലേതിനെങ്കിലും ആ മഹാവ്യക്തിത്വത്തിന് മങ്ങലേല്പിക്കാൻ സാധിച്ചോ? യുഗപ്രഭാവന്മാരായ മഹാത്മാക്കൾക്ക് നമ്മുടെ സ്തുതിയോ സംരക്ഷണമോ ഒന്നും ആവശ്യമില്ല. അവരെ ആദരിക്കുന്നതു മൂലം വാസ്തവത്തിൽ നാമാണ് മാന്യത നേടുന്നത്.

തലവെട്ടും, കൈവെട്ടും പോലെയുള്ള സംഭവങ്ങൾ നടക്കുമ്പോൾ നാമെന്താണ് ചെയ്യേണ്ടത്? ഇത്തരം ഹീനകൃത്യങ്ങൾ ഒരിക്കലും നമ്മിൽ നിന്ന് ഉണ്ടാകാതിരിക്കാൻ നമ്മുടെ ഹൃദയങ്ങളെ മാർദ്ദവപ്പെടുത്തേണമേ എന്ന് പ്രാർത്ഥിക്കുകയും അവയിൽ നിന്ന് ഒഴിഞ്ഞു നിൽക്കുമെന്ന് ശപഥം ചെയ്യുകയുമാണ് വേണ്ടത്. തീർച്ചയായും അക്രമികളെ പിടികൂടി മാതൃകാപരമായി ശിക്ഷിക്കുവാൻ നാം കുറ്റാന്വേഷികളെ സഹായിക്കുകയും വേണം. എന്നാൽ ഒരു കാര്യം

## EDITORIAL BOARD

*President*
**H.G.Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editor*
**Fr. Kochuparambil Geevarghese Ramban**

*Technical Adviser*
**Mr. George Paul**

*Members*
**Prof. Dr. M.P.Mathai**
**Fr. Alias Kuttiparichel**
**Fr. Marydas Stephen**
**Fr. Shibu Kurian**
**Mr. A. G. James**
**Mrs. Jiji Johnson**

www.dioceseofkandanadeast.org


## ഉള്ളടക്കം

പേജ്


എഡിറ്റോറിയൽ
**Can't Sweeten Their Hands!**.............................1

**സഭാ ശുശ്രൂഷയിൽ രണ്ട് പതിറ്റാണ്ടുകൾ – 3** ..............3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ശിരസ്സ്**.........................................................7
സഖേർ

**പ്രതിവാരധ്യാനം**............................................ 8
ഫാ. ജെറി ജോൺ മാത്യു

**ദൈവം സാങ്കല്പികമോ?** ................................ 11
എ.കെ. പത്രോസ്

**മനുഷ്യരുടെ ഇടയിൽ ഉന്നതമായത്**
**ദൈവത്തിന്റെ മുമ്പാകെ നിന്ദ്യമത്രേ**...................... 12
കൊച്ചുപറമ്പിൽ ഗീവർഗ്ഗീസ് റമ്പാൻ

**കുടുംബബന്ധങ്ങൾ**
**വി. വേദപുസ്തക വെളിച്ചത്തിൽ**........................ 13
തങ്കമ്മ ദാനിയേൽ

**വാർത്തകൾ – അറിയിപ്പുകൾ**......................... 15 – 16


നാമോർക്കണം. കുറ്റകൃത്യം സംഭവിച്ചു കഴിഞ്ഞ് കുറ്റവാളികളെ കണ്ടെത്തി ശിക്ഷിക്കുന്നതിലല്ല; പ്രത്യുത, കുറ്റവാളികൾ രൂപം കൊള്ളാതിരിക്കത്തക്കവിധം സമൂഹത്തെ ബോധവത്കരിക്കുകയും വിനീതഹൃദയരാക്കുകയും ചെയ്യുന്നതിലായിരിക്കണം മത, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ പ്രവർത്തകർ പ്രാഥമികമായും മനസ്സിരുത്തേണ്ടത്.

ഒരു മത ബഹുല സമൂഹമാണല്ലോ നമ്മുടേത്. എല്ലാ മതങ്ങൾക്കും തുല്യതയും മാന്യതയും കല്പിക്കുന്നതാണ് ഇന്ത്യയുടെ ഭരണഘടന. ഓരോ മതത്തിലും സമുദായത്തിലും പെട്ടവർ മറ്റുള്ളവരോട് സ്നേഹബഹുമാനാദരവുകൾ കാണിക്കേണ്ടതുണ്ട്. മതവിദ്വേഷമോ ഉച്ചനീചത്വ ഭാവങ്ങളോ കൂടാതെ സഹിഷ്ണുതയോടെ കഴിയാൻ ശ്രദ്ധിക്കണം. സ്വയം വിമർശനവും തിരുത്തലുമാണ് വേണ്ടത്. മറ്റുള്ളവരെ പഴിക്കാനോ, തിരുത്താനോ ആയിരിക്കരുത് നമ്മുടെ ശ്രമം. നമ്മുടെ വാക്കും പെരുമാറ്റവും മറ്റുള്ളവർക്ക് മാതൃകയായി ത്തീരണം. ഇക്കാര്യങ്ങളിൽ ശ്രദ്ധ വച്ചാൽ മതസ്പർദ്ധയും വർഗ്ഗീയലഹളകളും നാട്ടിൽ തലപൊക്കുകയില്ല. മൂവാറ്റുപുഴയിലേതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കുകയും ചെയ്യും. കലാപങ്ങൾ ഉണ്ടാക്കാൻ എളുപ്പമാണ്. എന്നാൽ അവസാനിപ്പിക്കുക ദുഷ്കരമെന്നോർക്കുക. 'All the perfumes of Arabia cannot sweeten my little hands' എന്നു പറഞ്ഞ് ലേഡി മാക്ബത്തിനെപ്പോലെ വിലപിക്കാതിരിക്കാൻ നമുക്ക് കരുതലോടെ ജീവിക്കാം.


## ചിന്തിക്കാൻ അല്പം

ഒരു ഞായറാഴ്ച വി. കുർബ്ബാനയ്ക്കു ശേഷം യുവതീയുവാക്കളുടെ കൂട്ടായ്മയിൽ ധ്യാനപ്രഭാഷണം നടത്തിക്കൊണ്ടിരുന്ന വൈദീകനോട് ഒരു യുവാവ് ഉപചാരപൂർവ്വം ചോദിച്ചു. "സ്വർഗ്ഗസ്ഥനായ പിതാവെ, എന്ന് നാമൊക്കെ പ്രാർത്ഥിക്കാറുണ്ടല്ലോ ദൈവം വസിക്കുന്ന സ്വർഗ്ഗം എവിടെയാണച്ചാ?..... ദൈവം ആ സ്വർഗ്ഗത്തിൽ ഉണ്ടോ അച്ചാ?....."

നല്ലൊരു ചർച്ചയ്ക്കു വേദിയൊരുങ്ങുന്ന ആഹ്ലാദത്തോടെ വൈദീകൻ വിശദീകരിച്ചു. "അതേ ദൈവം സ്വർഗ്ഗത്തിൽ വസിക്കുന്നു." ഉടനെ മറ്റൊരു ചെറുപ്പക്കാരൻ ചാടിയെണീറ്റു ചോദിച്ചു "അച്ചോ സ്വർഗ്ഗത്തിലേയ്ക്ക് ഇവിടെ നിന്ന് എത്രദൂരമുണ്ട്?"

ധ്യാനപ്രസംഗം കേൾക്കാൻ വന്നവരൊക്കെ കാതോർത്തു. അച്ചന്റെ മറുപടി ഇങ്ങനെയായിരുന്നു. "ഹൃദയപൂർവ്വം നീ എത്ര പതുക്കെ വിളിച്ചാലും അതു കേൾക്കാവുന്ന അത്ര അടുത്താണ് സ്വർഗ്ഗം. അഹങ്കാരത്തോടെ നീ എത്ര അലറി വിളിച്ചാലും അതുകേൾക്കാത്തത്ര അകലെയുമാണ്." സ്വർഗ്ഗത്തെപ്പറ്റി ഇതിലേറെ അർത്ഥപൂർണ്ണമായ ഒരു നിർവ്വചനം വേറെയുണ്ടോ? സ്വർഗ്ഗത്തെ ദൂരെയാക്കുന്നതും സമീപത്താക്കുന്നതും മറ്റാരുമല്ല നാം ഓരോരുത്തരും തന്നെയാണ്. നന്മ ചെയ്യുവാനുള്ള സന്നദ്ധതയും നല്ലതു ചിന്തിക്കാനുള്ള ഹൃദയ പരിശുദ്ധിയും വളർത്തിയെടുത്താൽ ആർക്കും സ്വർഗ്ഗത്തിലേയ്ക്കുള്ള ദൂരം സ്വയം കുറയ്ക്കാൻ കഴിയും.

മെത്രാപ്പോലീത്തായുടെ കത്ത്



# സഭാശുശ്രൂഷയിൽ രണ്ട് പതിറ്റാണ്ടുകൾ - 3

മലങ്കര സഭാ കേസ്സിൽ 1995 ജൂണിൽ സുപ്രീംകോടതി നൽകിയ വിധി പ്രതീക്ഷിച്ചവിധമായിരുന്നില്ല. അപ്രതീക്ഷിതമായിരുന്ന ആ ഉത്തരവിനെ എങ്ങനെ നേരിടുമെന്ന കാര്യത്തിലും കക്ഷിനേതൃത്വങ്ങൾക്ക് വ്യക്തത ഉണ്ടായിരുന്നില്ല. ഇരുഭാഗങ്ങളിലെയും വാദമുഖങ്ങൾ വേണ്ടവിധം വിലയിരുത്തിയ കോടതി ഈ പുരാതന സഭയിലെ പിളർപ്പ് ശാശ്വതമാകുന്നത് ഒഴിവാക്കാനാണ് ശ്രമിച്ചത്. സഭാ വഴക്കിന് ഉത്തരവാദികളായ രണ്ടുകൂട്ടരിൽ ഒന്നിനെ പൂർണ്ണമായി ജയിപ്പിക്കുകയും മറ്റേതിനെ പരാജയപ്പെടുത്തുകയും ചെയ്യുന്നതിൽ അർത്ഥമില്ലെന്ന് കണ്ടെത്തിയ കോടതി എങ്ങനെയെങ്കിലും അവയെ യോജിപ്പിലെത്തിക്കുവാനാണ് വിധിയിലൂടെ ലക്ഷ്യമിട്ടത്. അതിനുവേണ്ടി രണ്ടുപക്ഷത്തെയും ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ച് പരാതികൾക്ക് പരിഹാര നിർദ്ദേശത്തോടെ നീതിപൂർവ്വകമായ വിധിന്യായമാണ് പുറപ്പെടുവിച്ചത്. കോടതിവിധിയുടെ ചട്ടക്കൂട്ടിൽ രണ്ട് കൂട്ടർക്കും മാന്യമായി യോജിക്കുവാൻ വഴിയൊരുക്കുകയാണ് യഥാർത്ഥത്തിൽ ബഹു. കോടതി ചെയ്തത്. ഈ വിധി, ന്യായാധിപന്മാരുടെ താല്പര്യാനുസരണം ഉൾക്കൊള്ളാൻ, ഇരുഭാഗത്തെയും സഭാ നേതാക്കൾക്ക് കഴിഞ്ഞില്ല എന്നാണ് ചരിത്രം വ്യക്തമാക്കുന്നത്.

1995 ലെ ഭൂരിപക്ഷ വിധിയുടെയും തുടർ ഉത്തരവുകളുടെയും ഉള്ളടക്കം താഴെക്കാണുംവിധം സംഗ്രഹിക്കാം.

1. പരി. ബസേലിയോസ് മാത്യൂസ് ദ്വിതീയൻ 1912 ൽ മലങ്കരയിൽ സ്ഥാപിതമായ കാതോലിക്കേറ്റിന്റെ പിന്തുടർച്ചയിലുള്ള നിയമാനുസൃത കാതോലിക്കയാണ്.

2. 1934 ലെ സഭാ ഭരണഘടന മലങ്കരസഭയിലെ ഇരു വിഭാഗങ്ങൾക്കും ബാധകമാണ്. 1958-72 കാലഘട്ടത്തിലെ യോജിച്ച സഭയിൽ പ്രാബല്യത്തിലിരുന്ന പ്രസ്തുത ഭരണഘടനയുടെ സാധുതയെപ്പറ്റി ഇനി തർക്കം ഉന്നയിക്കാൻ ആവില്ല.

3. ഭരണഘടനപ്രകാരം അംഗസംഖ്യ പരിഗണിക്കാതെ എല്ലാ ഇടവകകൾക്കും മലങ്കര അസ്സോസിയേഷനിലും ഭദ്രാസന പ്രതിനിധിയോഗത്തിലും തുല്യ പ്രാതിനിധ്യമാണ് ഉണ്ടായിരുന്നത്. ഇത് അടിസ്ഥാന ജനാധിപത്യ മൂല്യങ്ങൾക്ക് യോജിച്ചതല്ല. അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ പ്രാതിനിധ്യം നിശ്ചയിച്ച് ഭരണഘടന ജനാധിപത്യപരമാക്കി.

4. നിലവിലുള്ള അന്ത്യോഖ്യാ പാത്രിയർക്കീസ് സഭാഭരണഘടന പ്രകാരം മലങ്കരസഭയുടെ സഹകരണത്തോടെ വാഴിക്കപ്പെട്ട സ്ഥാനിയല്ല എന്നിരുന്നാലും മലങ്കരസഭയ്ക്ക് അദ്ദേഹത്തിന്റെ സ്ഥാനം ബാധകമാക്കി.

5. അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കര സഭയുടെ ആഗ്രേസ തലവനായി കോടതി വിലയിരുത്തി. എന്നാൽ 1934 ലെ ഭരണഘടന മലങ്കര സഭയുമായുള്ള അദ്ദേഹത്തിന്റെ ബന്ധവും മലങ്കര സഭയിലെ ഇടപെടലും നിയന്ത്രിക്കുന്നു. ഭരണഘടനയ്ക്ക് വിധേയമായി മാത്രമേ അദ്ദേഹത്തിന് മലങ്കരസഭയിൽ ഇടപെടൽ സാധ്യതയുള്ളൂ.

6. മലങ്കര സഭയിലെ പള്ളികൾക്ക് സഭാഭരണഘടനയ്ക്ക് വിധേയമായ ഭരണ സ്വാതന്ത്ര്യമാണുള്ളത്.

7. കാതോലിക്കായുടെ നാമത്തോട് ചേർന്നുള്ള ആദരസൂചകമായ പദങ്ങൾ കാലങ്ങളായി ഉപയോഗിച്ചു വരുന്നതാണ്. അവയുടെ പ്രയോഗം തർക്കവിഷയമേ അല്ല.

ഇവയെല്ലാം ഇതിനോടകം തന്നെ അംഗീകരിക്കപ്പെട്ട വസ്തുതകളാണ്. ഭരണഘടനയുടെ ജനസംഖ്യാനുപാതിക പ്രാതിനിധ്യം ഒഴിച്ചുള്ള മുൻ വ്യവസ്ഥകൾ യോജിച്ച സഭയിൽ നിലവിലിരുന്നവയും ഭരണഘടന പ്രകാരം പ്രാബല്യത്തിലുള്ളവയുമായിരുന്നു. അതുകൊണ്ട് സഭ 1970 നു മുമ്പ് ഉണ്ടായിരുന്ന സ്ഥിതിയിലേയ്ക്ക് തിരികെ പോയി ആ സംവിധാനത്തിന്റെ പിന്തുടർച്ച നിലനിർത്തേണ്ടതാണ്.

എന്നാൽ ചില കാര്യങ്ങൾ പരിഹൃതങ്ങളാകേണ്ടതുണ്ട്. 1970 നു ശേഷം സഭ വീണ്ടും ഭിന്നിച്ചു. അതുമൂലം അടിസ്ഥാന തസ്തികകളിൽ ദ്വീതീകരണം (duplication) സംഭവിച്ചിരുന്നു. ഇതിന് പരിഹാരം കാണണം. 1970 നു ശേഷം യോജിച്ച സഭ നിലവിലില്ലായിരുന്നു. അതുകൊണ്ട് സാധുതയുള്ള മലങ്കര അസോസിയേഷനും ഉണ്ടായിരുന്നില്ല. തന്മൂലം ഇക്കാര്യത്തിൽ ചില നീക്കുപോക്കുകൾ കോടതി നിർദ്ദേശിച്ചു.

(a) സഭയിലെ സ്ഥാനികൾ-മെത്രാപ്പോലീത്താമാരും മറ്റ് ഭരണ ചുമതലക്കാരും-ഔപചാരികമായി ഭരണഘടന അംഗീകരിച്ച് അതിനോട് വിധേയത്വം പ്രഖ്യാപിച്ച് തല്സ്ഥിതി (Status quo) ആനുകൂല്യം നേടണം.

(b) പൊതു അംഗീകാരത്തോടെ തിരഞ്ഞെടുക്കപ്പെട്ടിരുന്ന മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവ കാലം ചെയ്തതോടെ സാധുവായ മലങ്കര മെത്രാപ്പോലീത്ത ഉണ്ടായിരുന്നില്ല. അതുകൊണ്ട് സംയുക്ത മലങ്കര അസ്സോസിയേഷൻ ചേർന്ന് മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ മലങ്കര മെത്രാപ്പോലീത്ത സ്ഥാനത്തിന് അംഗീകാരം തേടേണ്ടതാണ്.

(c) മലങ്കര അസ്സോസിയേഷൻ നീതിപൂർവ്വം നടക്കുന്നതിനായി സുപ്രീം കോടതിയിലെ മുൻ ചീഫ് ജസ്റ്റിസ് മളീമഠിനെ നിരീക്ഷകനായി വച്ചു. മെത്രാപ്പോലീത്താമാരുടെ സ്ഥാന ക്രമീകരണം തിരഞ്ഞെടുക്കപ്പെടുന്ന മാനേജിംഗ് കമ്മിറ്റി നടത്തേണ്ടതാണ്.

ചുരുക്കത്തിൽ കോടതി ഇരുഭാഗങ്ങളെയും ഒരു സഭയുടെ ഭിന്നിച്ച ഭാഗങ്ങളായിക്കണ്ട് അവ ഐക്യപ്പെടുത്തുന്നതിനുള്ള ഒരു ചട്ടക്കൂട് നിർദ്ദേ

ശിച്ചുകൊണ്ടുള്ള ഒരു പ്രഖ്യാപനമായിരുന്നു ഈ വിധിയിലൂടെ നടത്തിയത്. എന്നാൽ ഇരുകൂട്ടരും കോടതി വിധിയെ ഒരു ദൈവീക ഇടപെടലായി കണ്ട് വിവേകപൂർവ്വം അതിന്റെ താല്പര്യം നടപ്പിലാക്കുന്നതിനു പകരം വിധിയെ തങ്ങൾക്ക് അനുകൂലമായി വ്യാഖ്യാനിക്കുന്നതിനുള്ള വ്യഗ്രത കാണിക്കുകയാണുണ്ടായത്. അതുകൊണ്ട് ക്രിയാത്മകമായ ഐക്യശ്രമങ്ങൾ കാര്യക്ഷമമായി നടന്നില്ല.

കാതോലിക്കാ കക്ഷിക്കാർ കേസ്സിൽ വിജയിച്ചാൽ അതിനെ നേരിടാനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിൽ ശ്രദ്ധിച്ചുവന്ന എനിക്ക് കോടതിവിധി ഒരുക്കിയ സഭൈക്യ സാധ്യത നഷ്ടപ്പെടുത്തുന്നത് നീതിയോ, വിവേകമോ അല്ലെന്ന് ബോധ്യപ്പെട്ടു. ഒരുകാലത്ത് ദർശനമില്ലാത്ത സഭാനേതൃത്വം സൃഷ്ടിച്ച കലഹം അനന്തമായി തുടരുന്നതിന് നീതികരണമില്ല എന്നും ഈ വിധി എന്നെ പഠിപ്പിച്ചു. അതുകൊണ്ട് ദൈവം നൽകിയ അവസരത്തോട് തുറന്ന മനസ്സോടും വിനയത്തോടും പ്രതികരിക്കേണ്ടത് എന്റെ ക്രിസ്തീയ ബാധ്യതയായി എനിക്കു തോന്നി. സഭാനേതാക്കന്മാരുടെ സ്വാർത്ഥ താല്പര്യമല്ല, നേരെ മറിച്ച് വീണ്ടെടുപ്പിനും ക്രിസ്തുസാക്ഷ്യത്തിനുമായി വിളിക്കപ്പെട്ട സഭയെ സംബന്ധിച്ച ദൈവതാല്പര്യമാണ് സഭയിൽ നിറവേറേണ്ടത്. ഈ ചിന്ത ഐക്യത്തിന് അനുകൂലമായ നിലപാടെടുക്കാൻ എനിക്ക് പ്രേരണ നൽകി. അതു മനസ്സിൽ വച്ചുകൊണ്ട് ഞാൻ 'ജനാധിപത്യത്തിലൂടെ അനുരഞ്ജനം' എന്ന ചെറു ഗ്രന്ഥം എഴുതി പ്രസിദ്ധീകരിച്ചു. ഇത്രയും കാലം കൂടെനിന്ന ജനത്തെയും ഞാൻ സ്വീകരിച്ചിരുന്ന നിലപാടിനെയും ഒറ്റയടിക്ക് നിഷേധിക്കാതെ, യോജിക്കാവുന്ന സാഹചര്യത്തിൽ കാര്യങ്ങൾ പുതുതായി വിലയിരുത്തണമെന്നും പരിഹൃതമാകാത്ത കാര്യങ്ങൾക്ക് യോജിച്ച സഭയിൽ അവയ്ക്ക് പരിഹാരം കണ്ടെത്താനാകുമെന്നുമുള്ള സമീപനമായിരുന്നു ഞാൻ പുലർത്തിയത്. കൂടെയുണ്ടായിരുന്ന ജനത്തെ ചേർത്ത് നിർത്തിക്കൊണ്ടുതന്നെ വളരെ കുലീനമായ ലക്ഷ്യത്തെ പ്രതി വഴക്കുകാലത്തെ നിലപാടുകൾ അവധാനപൂർവ്വം പുനഃപരിശോധനയാകാമെന്നായിരുന്നു അതിന്റെ താല്പര്യം. സഭാസമാധാനം ഇരുകൂട്ടർക്കും ആവശ്യമെന്നും അത് സാധ്യമാക്കാനുള്ള വിധിയാണ് സുപ്രീംകോടതിയിൽ നിന്നുണ്ടായിട്ടുള്ളതെന്നും അതുകൊണ്ട് ക്രിസ്തീയ സാക്ഷ്യനിർവ്വഹണത്തിന് പ്രതിബന്ധമായ ഭിന്നത അവസാനിപ്പിക്കാൻ ഇരുപക്ഷവും ശ്രമിക്കണമെന്നുമായിരുന്നു ഗ്രന്ഥത്തിലെ പ്രമേയം. ഇരുകൂട്ടരും ചേർന്ന് കോടതിവിധി പ്രകാരം ജനാധിപത്യ പ്രക്രിയയിലൂടെ അനുരഞ്ജനത്തിനുള്ള സാധ്യത തേടണം എന്ന ആഹ്വാനമായിരുന്നു അതിലൂടെ നൽകിയത്. കോടതിവിധിയുടെ അടിസ്ഥാനത്തിൽ സഭായോജിപ്പിന് വേണ്ടിയുള്ള ശ്രമങ്ങളൊന്നും കാര്യമായി നടന്നില്ല. പരി. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവ കോടതിവിധിയെ സ്വാഗതം ചെയ്തും അത് ന്യായാധിപന്മാരിലൂടെ വെളിപ്പെട്ട ദൈവീക അഭിലാഷമാണെന്നു കണ്ട് സഭയിലെ കലഹം അവസാനിപ്പിച്ച് സഭ ക്രിസ്തുവിന്റെ മണവാട്ടിയാകാൻ ഒരുങ്ങണമെന്നും നിർദ്ദേശിച്ചുകൊണ്ട് ഒരു കല്പനയിറക്കുകയുണ്ടായി. ഈ കല്പനയുടെ രചനയിലും അതിവിടേയ്ക്ക് അയപ്പിച്ചതിലും നിർണ്ണായക പങ്ക് വഹിച്ച ഡോ. ഡി. ബാബു പോൾ ഐക്യശ്രമത്തിന് തന്റെ ബന്ധവും സ്വാധീനവും ഉപയോഗപ്പെടുത്തിയെങ്കിലും കാര്യമായ പ്രതികരണം ഒരിടത്തു നിന്നും ഉണ്ടായില്ല. ആ കല്പന ചില ഭദ്രാസനങ്ങളിൽ വായിക്കുക പോലും ചെയ്തില്ല. കാതോലിക്കാ കക്ഷിക്കാർ അതിനോട് നിസ്സംഗത പാലിച്ചു.

പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിക്ക് ഇത് സഭയിൽ സമാധാനമുണ്ടാക്കാൻ പറ്റിയ അവസരമാണെന്ന ചിന്തയുണ്ടായിരുന്നു. പക്ഷേ ഓർത്തഡോക്സ് സഭയിൽ അന്യതാബോധം അനുഭവിച്ചു വന്നിരുന്ന അദ്ദേഹത്തിന് ഇക്കാര്യത്തിൽ വലിയ സ്വാധീനം ചെലുത്താനായില്ല. എങ്കിലും കോടതിവിധി സംബന്ധിച്ച് തന്റെയൊരു വിലയിരുത്തൽ എഴുതിയുണ്ടാക്കി പരിചയക്കാരുടെ ഇടയിൽ വിതരണം നടത്തി ചർച്ചയ്ക്ക് ശ്രമിച്ചതിനെ ഓർത്തഡോക്സ് കക്ഷിനേതൃത്വം സംശയത്തോടെയാണ് വീക്ഷിച്ചത്. ഈ സമയത്ത് മുളച്ചു വളർന്ന മഞ്ഞപ്പത്രങ്ങൾ അവസരം ആഘോഷിച്ചു. സഭൈക്യം എങ്ങനെ തടയാമെന്നുള്ളതായിരുന്നു അവരുടെ ചിന്താവിഷയം. അവയിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ ഐക്യം യാഥാർത്ഥ്യമാക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും മറുപക്ഷത്തെ മുറിവേല്പിക്കുകയുമാണ് ചെയ്തത്. എന്നാൽ ഇതൊന്നും നിയന്ത്രിക്കുന്നതിന് സഭാനേതൃത്വം ഒന്നും ചെയ്തില്ല.

ഇരുപക്ഷത്തെയും നേതൃത്വം ആ സുവർണ്ണാവസരം സഭൈക്യത്തിനു വേണ്ടി ഉപയോഗപ്പെടുത്തുന്നതിൽ വേണ്ടത്ര ശുഷ്കാന്തിയും ധൈര്യവും ആർജ്ജവവും കാണിക്കാത്തതിനാൽ ആ സ്ഥിതിക്ക് ഒരു മാറ്റമുണ്ടാകണമെന്ന് ഉദ്ദേശിച്ച് സഭായോജിപ്പിനുള്ള നിലപാട് എടുക്കണമെന്ന് അഭ്യർത്ഥിക്കുവാനായി പരി. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായെ സഖറിയാസ് മാർ നിക്കോളാവോസ് തിരുമേനിയും പ്രൊഫ. എം. പി. മത്തായിയും ഞാനും കൂടി സന്ദർശിച്ചു. ദീർഘനേരം അദ്ദേഹവുമായി സംസാരിച്ചെങ്കിലും വലിയ ശുഭപ്രതീക്ഷയ്ക്കൊന്നും ആ കൂടിക്കാഴ്ച വക നൽകിയില്ല. എങ്കിലും പരസ്പരം മുഖാമുഖം സംസാരിക്കുവാനുള്ള സാധ്യത തുറന്നു കിട്ടിയെന്നു പറയാം. അക്കാലത്ത് ഞാൻ കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ അദ്ധ്യക്ഷനായിരുന്നു. അതുകൊണ്ട് ആ സമിതിയുടെ താല്പര്യം കൂടി ആ കൂടിക്കാഴ്ചയ്ക്ക് പിന്നിലുണ്ടായിരുന്നു.

എന്നാൽ പാത്രിയർക്കീസ് വിഭാഗത്തിലെ ഐക്യ വിരോധികൾ ഈ കൂടിക്കാഴ്ചയെ ദുർവ്യാഖ്യാനം ചെയ്ത് ആളുകളെ സംഘടിപ്പിച്ച് അടുത്ത ദിവസം തിരുവാങ്കുളം അരമനയിൽ എപ്പിസ്കോപ്പൽ സുന്നഹദോസ് വർക്കിംഗ് കമ്മിറ്റിയോഗവും ഒരുമിച്ച് നടക്കുന്ന സമയം പുറത്തുനിന്ന് അസഭ്യവർഷം ചൊരിയുകയും എന്റെയും നിക്കോളാവോസ് തിരുമേനിയുടെയും ശരീരഭാഗങ്ങൾ വെട്ടിനീക്കുമെന്ന് ആക്രോശിക്കുകയും ചെയ്തുകൊണ്ടിരുന്നു. അങ്കമാലി ഭദ്രാസനത്തിൽ നിന്നായിരുന്നു ഈ ജനമുന്നേറ്റം. ഇത് വീണ്ടും മുളന്തുരുത്തി സെമിനാരി ഉൾപ്പെടെ പല സ്ഥലങ്ങളിലും ആവർത്തിച്ചു. ഭിന്നിപ്പിന്റെ പശ്ചാത്തലത്തിൽ സഭയിൽ മുളച്ചു വളരാൻ തുടങ്ങിയ ഭീകരതയുടെ സംസ്കാരം ശക്തി പ്രാപി

ക്കുന്നു എന്നതിന്റെ സൂചനയായിരുന്നു ഇത്. ആദ്യകാലങ്ങളിൽ വിശ്വാസികളുടെ അന്ത്യോഖ്യാ ഭക്തി മുതലെടുത്ത് അവരെ രംഗത്തിറക്കിയ സഭാനേതൃത്വം പിന്നീട് അത് കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിന് കൊട്ടേഷൻ സംഘങ്ങളെ ഏല്പിക്കുന്ന പതിവുകൂടി ഉണ്ടായി എന്നത് തുടർചരിത്രം. സഭാനിലപാടുകളിൽ വ്യത്യസ്തത പുലർത്തുന്നവരെ എങ്ങനെ നേരിടാനാണ് അവരുടെ പരിപാടി എന്ന് വ്യക്തമായി. അതുവഴി കുറെക്കാലമായി ശ്രേഷ്ഠ പൗലോസ് ദ്വിതീയൻ ബാവായോട് ഏറ്റുമുട്ടിയും, പണമിടപാടുകളിൽ അഴിമതി കാണിച്ചും ജനപ്രിയം നഷ്ടപ്പെട്ട ചില സഭാമേലദ്ധ്യക്ഷന്മാർ അന്ത്യോഖ്യാ ഭക്തിയുടെ മേൽവിലാസവുമായി രംഗപ്രവേശം ചെയ്ത് അവരുടെ പ്രസക്തി വീണ്ടെടുക്കുകയായിരുന്നു. എന്നാൽ ഈ സാഹചര്യത്തിൽ സഭൈക്യത്തിനു വേണ്ടി വ്യക്തവും ധീരവുമായ നിലപാട് തുറന്ന മനസ്സോടെ സ്വീകരിക്കുവാൻ കഴിയാതെ ഓർത്തഡോക്സ് വിഭാഗവും അതിന്റെ ദൗർബല്യവും, ദർശനമില്ലായ്മയും പ്രകടമാക്കി.

ഏതായാലും ഇരുവിഭാഗങ്ങളും തമ്മിൽ സഭാസമാധാനം സംബന്ധിച്ച് ചർച്ച ചെയ്യേണ്ട സാഹചര്യം സംജാതമായി. പാത്രിയർക്കീസ് വിഭാഗത്തിൽ നിന്നുള്ള പ്രതിനിധി സംഘാംഗങ്ങളുടെ ലിസ്റ്റും ദേവലോകത്തു നിന്ന് പ്രസിദ്ധീകരിച്ചു. അന്നത്തെ സാഹചര്യത്തിൽ സഭാനേതൃത്വം പ്രകടമാക്കേണ്ട സംവേദനത്വവും വിവേകവുമല്ല ദേവലോക നേതൃത്വം കാണിച്ചത്. പ്രകോപനപരവും ആധിപത്യപരവുമായ ഈ നീക്കത്തെ പാത്രിയർക്കീസ് വിഭാഗം ചെറുത്തു. അവർ സ്വന്തമായി ലിസ്റ്റുണ്ടാക്കി. ഒടുവിൽ ആ ലിസ്റ്റിൻ പ്രകാരമേ ചർച്ച നടക്കൂ എന്ന് ബോധ്യപ്പെട്ടപ്പോൾ ഓർത്തഡോക്സ് നേതൃത്വം നിരുപാധികം വഴങ്ങി.

ഈ ലിസ്റ്റുണ്ടാക്കിയ യോഗത്തിൽ നിന്ന് ഞാനും ഡോ. ഡി. ബാബു പോളും വിട്ടു നിന്നെങ്കിലും ഞങ്ങൾ ഇരുവരെയും അതിൽ ഉൾപ്പെടുത്തിയിരുന്നു. സഭൈക്യം ഏതുവിധേനയും അട്ടിമറിക്കണമെന്ന് ലക്ഷ്യമിട്ടിരുന്ന ലോബികളുടെ പ്രതിനിധികൾ ഇരുസംഘത്തിലും ഇടം കണ്ടെത്തിയിരുന്നു. ഓർത്തഡോക്സ് സംഘ നേതൃത്വം വഹിച്ചിരുന്ന പൗലോസ് ഗ്രീഗോറിയോസ് തിരുമേനി സഭൈക്യശ്രമം തകർ ക്കുക എന്ന താല്പര്യക്കാർ സംഘത്തിൽ ഉണ്ട് എന്നും അതുകൊണ്ട് ചർച്ചകളിൽ ഒരു കാരണവശാലും പ്രകോപിതരാകരുത് എന്നും സ്വകാര്യ സംഭാഷണത്തിൽ സൂചിപ്പിച്ചിരുന്നതുകൊണ്ട് സംയമനം പാലിക്കുവാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അപക്വമായ നിലപാടുകൾ, മുറിപ്പെടുത്തുന്ന പദ പ്രയോഗങ്ങൾ, പ്രകോപനമുണ്ടാക്കുന്ന പരാമർശങ്ങൾ ഇവയെല്ലാം ചർച്ചകളിൽ നിരന്തരം ഉണ്ടായിക്കൊണ്ടിരുന്നു. അത്തരക്കാരുടെ സാന്നിധ്യം കൊണ്ട് മറുപക്ഷത്തിന്റെ വിശ്വാസം ആർജ്ജിക്കുവാൻ ഇരു സംഘങ്ങൾക്കും സാധ്യമായില്ല. കേസ്സിൽ പൂർണ്ണ ജയം ഉണ്ടാകുമെന്ന മനപ്പായസം കുടിച്ചിരുന്ന ചില ഓർത്തഡോക്സ് പ്രതിനിധികൾ കോടതിയിൽ ലഭിക്കാത്തത് ഉഭയ ഉടമ്പടിയിൽ നേടാമെന്ന കൗശല ബുദ്ധിയുമായിട്ടാണ് ചർച്ചയ്ക്ക് വന്നിരുന്നത്. പൗലോസ് ഗ്രീഗോറിയോസ് തിരുമേനി തനിക്കാവും വിധം ചർച്ച ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് നിരന്തരം പണിപ്പെട്ടുകൊണ്ടിരുന്നു. ഏറെ ദിവസത്തെ പരിശ്രമഫലമായി പരസ്പര സ്വീകരണ പ്രസ്താനയുടെ നക്കൽ തയ്യാറാക്കിയെങ്കിലും ഇരു കൂട്ടരെയും പൂർണ്ണ തൃപ്തിയിലെത്തിക്കാനായില്ല.

ഇരുഭാഗത്തെയും വിശാല കമ്മിറ്റികളിൽ ഇത് അവതരിക്കപ്പെട്ടു. ഇതിന്റെ സൃഷ്ടിയിൽ പങ്കുചേർന്നവർ പോലും പാത്രിയർക്കീസ് പക്ഷത്തെ വിശാലകമ്മിറ്റിയിൽ ഇത് അവതരിക്കപ്പെട്ടപ്പോൾ ചുമതലയിൽ നിന്ന് വിട്ടുനിന്നു. നക്കലിന്റെ ബാധ്യത എന്നിൽ കെട്ടിവെയ്ക്കുന്ന പ്രവണതയാണ് കണ്ടത്. ഈ സന്ദർഭത്തിൽ പാത്രിയർക്കീസ് പക്ഷത്തെ പ്രതിനിധി സംഘനേതാവ് തോമസ് ദിവന്നാസ്യോസ് തിരുമേനി കോട്ടയ്ക്കൽ ആശുപത്രിയിൽ ചകിത്സയ്ക്കായി പ്രവേശിച്ചു. പ്രൊഫ. എം.പി. മത്തായിയും ഞാനും ചേർന്ന് അദ്ദേഹത്തെ കണ്ട് ചർച്ചയിൽ തുടർന്ന് പങ്കുചേരണമെന്ന് അപേക്ഷിച്ചു. അപ്പോൾ അതിനു സമ്മതിച്ചെങ്കിലും പിന്നീട് പിന്മാറി. തന്മൂലം ഔപചാരിക ചർച്ചകൾ വഴിമുട്ടി.

ഇതിനിടെ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ആരോഗ്യനില മോശമാവുകയായിരുന്നു. അദ്ദേഹത്തിന്റെ താല്പര്യം മാനിച്ച് ഞാൻ പലവട്ടം അദ്ദേഹത്തെ സന്ദർശിച്ചു. സഭൈക്യത്തിന് സ്വതന്ത്രവും ശക്തവുമായ നിലപാട് എടുക്കുന്നതിന് സാധിക്കാത്ത സാഹചര്യം അദ്ദേഹം വിശദീകരിച്ചു. അതുകൊണ്ട് പാത്രിയർക്കീസ് വിഭാഗം കഴിവതും വിട്ടുവീഴ്ചയ്ക്ക് തയ്യാറായി യോജിപ്പിന് ശ്രമിക്കണമെന്നായിരുന്നു എന്നോടുള്ള അദ്ദേഹത്തിന്റെ അഭ്യർത്ഥന. പാത്രിയർക്കീസ് വിഭാഗത്തിന്റെ നിലപാട് മനസ്സിലാക്കി അവർക്കുകൂടി സ്വീകാര്യമാകുന്ന ഒരു പരസ്പര സ്വീകരണ പ്രസ്താവനയുടെ നക്കൽ എന്നെ ഏല്പിച്ചു കൊ് തിരുമേനി പറഞ്ഞു. "ഇത് കമ്മിറ്റിയുടെ ആലോചന പ്രകാരമല്ലാത്ത ഒരു നക്കലാണ്. ഇത് അവിടെ പാസ്സാക്കിയെടുത്താൽ ഇവിടെ ഞാൻ എങ്ങനെയെങ്കിലും പാസ്സാക്കിച്ചെടുക്കാം." തികച്ചും സന്തുലിതമായ ഒരു ടെക്സ്റ്റ് ആയിരുന്നു അത്. ഞാനത് ദിവന്നാസ്യോസ് തിരുമേനിയെ കാണിച്ചു. അദ്ദേഹം സമ്മതവും പറഞ്ഞു. എന്നാൽ പിറ്റേദിവസം പാത്രിയർക്കീസ് വിഭാഗത്തിന്റെ യോഗം ചേർന്നപ്പോഴേയ്ക്കും പിന്തുണ പിൻവലിച്ചുകൊണ്ട് അദ്ദേഹം കത്തെഴുതി എന്റെ പേർക്ക് കൊടുത്തയച്ചു. തിരുമേനിയുടെ നക്കൽ കമ്മിറ്റിയിൽ വായിച്ചപ്പോൾ ഒരച്ചൻ ക്ഷുഭിതനായി പറഞ്ഞു. "നിങ്ങൾ മെത്രാന്മാർ സ്വകാര്യമായി നക്കലൊന്നും ഉണ്ടാക്കേണ്ട. അതിനിവിടെ കമ്മിറ്റിയുണ്ട് അവരത് ചെയ്തുകൊള്ളും. തല്ക്കാലം അത് മടക്കിവെച്ചേക്ക്." പൊതുചർച്ച വഴി സാധിക്കാത്ത കാര്യങ്ങൾ വ്യക്തി ബന്ധങ്ങളിലൂടെ സാധിക്കുന്നതിനുള്ള സാധ്യത മനസ്സിലാക്കാത്ത കമ്മിറ്റി മൗനം പാലിച്ചു. അതോടെ പാത്രിയർക്കീസ് പക്ഷത്തെ കമ്മിറ്റിയുടെ പ്രവർത്തനവും നിലച്ചു.

സഭൈക്യ സംരംഭം പ്രതിസന്ധിയിലായി. ഐക്യത്തിന് തന്റേടമുള്ള നേതൃത്വം കൊടുക്കാൻ പ്രാ

പ്തിയുള്ളവർ ഉള്ളതായി തോന്നിയില്ല. പാത്രിയർക്കീസ് വിഭാഗത്തിലെ ശ്രേഷ്ഠ പൗലോസ് ദ്വിതീയൻ ബാവ പ്രായാധിക്യത്തിലും ക്ഷീണത്തിലുമായിരുന്നതിനാൽ ഏകവ്യക്തി നേതൃത്വമോ, മെത്രാന്മാരിൽ അഭിപ്രായ ഐക്യം ഇല്ലാതിരുന്നതിനാൽ സംയുക്ത നേതൃത്വമോ ഇല്ലാതെപോയി.

ഈ സാഹചര്യത്തിൽ പിന്നോട്ടു മാറുന്നതിന് എന്റെ നിയോഗബോധം എന്നെ അനുവദിച്ചില്ല. അതുകൊണ്ട് ഐക്യശ്രമങ്ങളിൽ നിന്ന് പിന്മാറാൻ ഞാൻ കൂട്ടാക്കിയില്ല. പിന്മാറ്റം സഭയോട് (വിഭാഗത്തോടല്ല) ഉള്ള ദ്രോഹവും എന്റെ വിളിയോടുള്ള ഉത്തരവാദിത്തമില്ലായ്മയും ആണെന്ന് ഞാൻ ചിന്തിച്ചു. ഐക്യലക്ഷ്യം നേടുന്നതിനായി ശ്രമങ്ങൾ തുടർന്നു. താഴെപ്പറയുന്ന കാര്യങ്ങൾ അതിനായി ചെയ്തു.

1. പരി. പാത്രിയർക്കീസ് ബാവായെ സന്ദർശിച്ച് ഐക്യശ്രമത്തിനുള്ള പിന്തുണ നേടി. അദ്ദേഹത്തിന്റെ പിന്തുണ പ്രോത്സാഹനമായി.

2. ഭദ്രാസന വൈദീകയോഗവും പൊതുയോഗവും കൂടി. അവയുടെ പൂർണ്ണ പിന്തുണ നേടി.

3. എല്ലാ ഇടവകകളും സന്ദർശിച്ച് ജനങ്ങളുമായി ചർച്ച നടത്തി. ജനങ്ങളുടെ സംശയങ്ങളും ഭീതിയും ദൂരീകരിച്ചു. അവരും വൈദീകരും എന്നോട് പൂർണ്ണമായും സഹകരിച്ചു.

ഇതിനിടെ പൗലോസ് ഗ്രീഗോറിയോസ് തിരുമേനിയും ശ്രേഷ്ഠ കാതോലിക്കാ ബാവായും കാലം ചെയ്തു. പൗലോസ് ഗ്രീഗോറിയോസ് തിരുമേനി കടുത്ത രോഗാവസ്ഥയിലും ഞാനുമായി ഫോണിൽ ബന്ധപ്പെട്ടുവന്നിരുന്നു. സഭൈക്യശ്രമം തുടരുന്നതിന് എല്ലാ പ്രോത്സാഹനവും തിരുമേനി നൽകിയിരുന്നു. എങ്കിലും അതിന്റെ ഫലപ്രാപ്തിയെപ്പറ്റി അദ്ദേഹം സംശയാലുവായിരുന്നു. അദ്ദേഹത്തിന്റെ വിയോഗം ഐക്യശ്രമങ്ങൾക്കേറ്റ കനത്ത ആഘാതമായിരുന്നു.

ശ്രേഷ്ഠ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ അന്ത്യോഖ്യൻ ബന്ധത്തിൽ തികച്ചും അസംതൃപ്തനായിരുന്നു. ഈ ബന്ധം നിലനിൽക്കുന്നിടത്തോളം കാലം സഭയിൽ സമാധാനമുണ്ടാവില്ല എന്ന് ഞാൻ പട്ടമേറ്റ കാലം മുതൽ എന്നോട് അദ്ദേഹം പറയാറുണ്ടായിരുന്നു. എന്നാൽ വാർദ്ധക്യത്തിലും ക്ഷീണത്തിലും കഴിഞ്ഞിരുന്ന അദ്ദേഹത്തിൽ തെറ്റുധാരണകൾ വളർത്താൻ ഐക്യവിരുദ്ധർക്ക് സാധിച്ചു. 'ബാവയെ ഒഴിവാക്കി സാഭായോജിപ്പിന് അത്താനാസ്യോസ് മെത്രാച്ചൻ ശ്രമിക്കുന്നു' എന്നു പറഞ്ഞ് അദ്ദേഹത്തിൽ അരക്ഷിതാബോധം ഉണ്ടാക്കുവാനാണ് അവർ ശ്രമിച്ചത്. ആഴമായ വ്യക്തിബന്ധം ഉണ്ടായിരിക്കുകയും, അന്ത്യോഖ്യാബന്ധം വിഛേദിച്ചാലേ മലങ്കരസഭ നന്നാകൂ എന്ന് വിശ്വസിക്കുകയും ചെയ്തിരുന്ന ആ പിതാവിന്റെ ചുവടുമാറ്റം എന്നെ വല്ലാതെ ഉലച്ചു കളഞ്ഞു. 1981 ലെ ദമാസ്ക്സ് സുന്നഹദോസിൽ എന്തിനാണ് സഭാതാല്പര്യങ്ങൾക്ക് വിരുദ്ധമായി ഒപ്പിട്ടത് എന്ന് ഞാനദ്ദേഹത്തോട് ചോദിച്ചപ്പോൾ "ഞാനത് ചെയ്തില്ലായിരുന്നെങ്കിൽ ജീവനോടെ നാട്ടിലെത്തുകയില്ലായിരുന്നു" എന്ന മറുപടിയാണ് അദ്ദേഹം പറഞ്ഞത്. "എന്തിനും മടിക്കാത്തവരാണ് ശീമ നേതൃത്വം" എന്ന് സ്വകാര്യ സംഭാഷണങ്ങളിൽ വെളിപ്പെടുത്തിയിരുന്ന അദ്ദേഹം ആ കാര്യം ജനങ്ങളെ ധരിപ്പിക്കുവാൻ തയ്യാറായിരുന്നില്ല. വ്യവസ്ഥാപിതമല്ലാത്ത ഒരു അന്ത്യോഖ്യാ ബന്ധത്തിലെ പ്രശ്നങ്ങൾ ജനങ്ങളെ അറിയിച്ച് സാധ്യമായ പരിഹാരം കണ്ടെത്തുന്നതിന് പാത്രിയർക്കീസ് കക്ഷിയിലെ മിക്ക നേതാക്കന്മാരും സത്യസന്ധത കാണിച്ചിരുന്നില്ല. ഏതായാലും ഈ ചുവടുമാറ്റത്തിന്റെ സൂചന എന്നെ ശരിക്കും വെട്ടിലാക്കി. ഞാൻ ചിന്തിച്ചു: എന്റെ ശുശ്രൂഷ എന്റെ വ്യക്തിപരമായ ലക്ഷ്യങ്ങൾക്കും, നേതാക്കന്മാരോടുള്ള ഭരണവിധേയത്വം എന്റെ അടിസ്ഥാനനിയോഗത്തിൽ നിന്നുള്ള പിന്മാറ്റത്തിനും ആകാൻ അനുവദിച്ചു കൂടാ. സഭയുടെ അടിസ്ഥാന താല്പര്യത്തേക്കാൾ സ്വന്തം കാര്യങ്ങൾക്ക് പ്രാധാന്യം കൊടുത്തവരാണ് ഈ സഭയെ വെട്ടിമുറിച്ചവരും, വിഭജനം നിലനിർത്തിയവരും, ഐക്യസാധ്യതയുടെ മധ്യത്തിൽ മലക്കം മറിഞ്ഞവരും. ആ പട്ടികയിൽ അദ്ദേഹവും പെട്ടുപോയപ്പോൾ എന്നെ സംബന്ധിച്ചിടത്തോളം വലിയൊരു പിതൃബിംബ സങ്കല്പമാണ് തകർന്നത്. ഇത്രയും കാലം തന്നെ കടന്നാക്രമിച്ചവരുടെ സ്വാധീനത്തിലായി അദ്ദേഹം. സ്വന്തം ജീവിതത്തിൽ അദ്ദേഹം തിരിച്ചറിഞ്ഞതും സ്വകാര്യ സംഭാഷണങ്ങളിൽ പ്രകടിപ്പിച്ചതുമായ സത്യങ്ങൾ മനുഷ്യരെ കാണുമ്പോഴും സ്വന്തം സൗകര്യങ്ങൾക്ക് ഭംഗം വരുമ്പോഴും മറച്ചുവച്ച് സൗകര്യം പോലെ സംസാരിക്കുന്നതിൽ സത്യസന്ധതയുടെയും ആർജ്ജവത്വത്തിന്റെയും കുറവ് മറ്റു പല സഭാനേതാക്കളിലും ഉള്ളതുപോലെ അദ്ദേഹത്തിലും ഉണ്ടായിരുന്നുവെന്നുമാത്രം. എന്നെ വ്യക്തിപരമായി ഏറെ സ്നേഹിച്ച ആ പിതാവ് 1996 സെപ്റ്റംബർ 1-ാം തീയതി കാലം ചെയ്തു.

ഇനിയെന്ത്? എങ്ങനെ മുമ്പോട്ടു പോകണം? മുമ്പോട്ടുള്ള വഴി കാണാനാകുന്നില്ല. എവിടെയും അരണ്ട വെളിച്ചം മാത്രം. സ്വന്തം തീരുമാനം ഒന്നും എടുക്കുന്നില്ല. നിന്നുകൊടുക്കാം. ദൈവം വഴി നടത്തട്ടെ. സാഹചര്യങ്ങൾ സൃഷ്ടിച്ച് ഓരോ ചുവടും മുമ്പോട്ടു വയ്ക്കാനുള്ള വെളിച്ചത്തിനും ചവിട്ടി നിൽക്കാനുള്ള ധൈര്യത്തിനും വേണ്ടി മാത്രം പ്രാർത്ഥിച്ചു. ഒറ്റപ്പെടലുകൾക്ക് നടുവിൽ, അക്രമത്തിന്റെ മദ്ധ്യത്തിൽ, ഭീഷണിയുടെ മുമ്പിൽ കൂടെയുള്ളവരെ സംരക്ഷിക്കാൻ സാധിക്കാതെ വരുമ്പോൾ അനുഭവിക്കുന്ന നിസ്സഹായതയിൽ, കൂറ് പ്രഖ്യാപിച്ചവർ ഒഴിഞ്ഞുമാറിയ അവസരങ്ങളിൽ, ദൈവം മാത്രം എനിക്ക് അവലംബവും കോട്ടയും ബലവുമായിരുന്നു. എന്റെ ബലഹീനതയും ദൗർബല്യങ്ങളും പിഴവുകളുമെല്ലാമറിയുന്ന ദൈവം എന്നെ കൈവിട്ടില്ല. ഞാൻ ജനിച്ചു വളർന്ന ഈ സഭയുടെ ഐക്യത്തിനും കെട്ടുപണിക്കും ശിഷ്ടായുസ്സ് ഉപയോഗിക്കാൻ മാത്രം എനിക്ക് കൃപനൽകണമേ എന്ന പ്രാർത്ഥനയേ ഉള്ളൂ. പ്രതിസന്ധിയുടെ കാലയളവിലെല്ലാം ദൈവം എനിക്ക് സ്വാന്ത്വനവും ആശ്വാസവുമരുളി. അത് തുടർന്നും ലഭിക്കുന്നത് കൊണ്ടു മാത്രമാണ് ശുശ്രൂഷയിൽ നിലനിൽക്കാനാവുന്നത്. *(തുടരും)*

സസ്നേഹം

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

ശിഖ

# ശിരസ്സ്

സഖേർ

"നാശത്തിനു മുമ്പേ ഗർവ്വം. വീഴ്ചയ്ക്കു മുന്നമേ ഉന്നതഭാവം"
(സദൃശ്യ. 16:18)

തലചായ്ക്കാൻ ഒരിടം. എല്ലാ മനുഷ്യപുത്രന്മാരുടെയും സ്വപ്നമാണത്. നൊമ്പരങ്ങളും വ്യഥകളും ചായ്ച്ചുവെയ്ക്കാൻ ഒരിടം ഇല്ലാത്തവന്റെ ദുഃഖം കഠിനമായിരിക്കും. പാമ്പുകളുടെ വാതിലില്ലാത്ത മാളത്തോടും പറവകളുടെ മേൽക്കൂരയില്ലാത്ത കൂടുകളോടും മനുഷ്യപുത്രന്മാർക്ക് അസൂയ തോന്നേണ്ട കാലത്തെയാണോ സ്വകാര്യവത്കരണ യുഗം എന്നു വിളിക്കേണ്ടത്? വീടില്ലാത്തത് ഒരു സാമൂഹിക പ്രശ്നമാണ്; എന്നാൽ നമ്മുടെ വലിപ്പമേറിയ വീടുകൾ സൃഷ്ടിക്കുന്നത് ഒരു ആത്മീയ പ്രതിസന്ധിയാണ്. ശരീരം ചായ്ക്കുന്നതിന് ഒരിടം എന്നതിൽ കവിഞ്ഞ് ഒരർത്ഥവും കണ്ടെത്താൻ നമ്മുടെ വീടുകൾക്ക് ആകുന്നില്ല. പരസ്പരം താങ്ങാനാവുന്നതിനെക്കുറിച്ചാണ് ഇവിടെ നാം വിചാരപ്പെടേണ്ടത്. ഓരോ ശിരസ്സും ഒന്നു ചായാൻ കൊതിക്കുന്നുണ്ട്. അതിന്റെ ഭാരങ്ങളെയും ഭാരപ്പെടലുകളെയും ഒന്നിറക്കി വയ്ക്കാൻ ഒരിടം ആഗ്രഹിക്കുന്നുണ്ട്. അവരിൽ വൃദ്ധരായ മാതാപിതാക്കൾ ഉണ്ട്; പാതിരാത്രി അടുപ്പിച്ചെത്തുന്ന കൊച്ചുമക്കളുമുണ്ട്. അവർക്കിടയിൽ ഏറെപ്പേരുണ്ട്. 'ഒരാൾക്കൂട്ടമായി' മാറുന്ന കുടുംബങ്ങളെക്കുറിച്ചാണ്, സമുദായങ്ങളെക്കുറിച്ചാണ്, സഭകളെക്കുറിച്ചാണ്, പ്രസ്ഥാനങ്ങളെക്കുറിച്ചാണ് പറഞ്ഞുവരുന്നത്. നമുക്കെന്നാണ് ഒരു മനസ്സുണ്ടാവുക? ദൈവം നമ്മുടെയിടയിൽ പാർക്കുന്നത് എപ്പോഴാണ്?

നമ്മുടെ ശിരസ്സുകൾ ഒന്ന് ചായാനാവാത്തവിധം കനപ്പെട്ടിരിക്കുന്നു. വ്യർത്ഥാഭിമാനവും ദുരാലോചനയും കൊണ്ട് രാവണന്റേതിലുമധികം 'തലക്കനം' നാം സ്വന്തമാക്കിയിരിക്കുന്നു. എന്നാണ് നാം ഒന്ന് നമിക്കുക? ദൈവത്തെയെങ്കിലും! 'നമസ്ക്കാരങ്ങൾ' കുറഞ്ഞ് വരുന്ന കാലത്ത് ആർക്കും വഴങ്ങാത്ത ശിരസ്സുകൾ ഏറിവരുന്നതിൽ അത്ഭുതപ്പെടേണ്ടതില്ലല്ലോ!

ഇനി മിശിഹായെ നോക്കിപ്പഠിക്കാം. അവന്റെ ശിരസ്സിന്റെ ചായ്വത്രയും പിതാവിലേയ്ക്കായിരുന്നല്ലോ! മനുഷ്യപുത്രന്മാരുടെ സകല ആകുലതകളും പിതാവിങ്കൽ ഇടുന്നതിനെയാണ് കാട്ടിത്തരിക. ഉത്സവച്ചന്തകളിൽ നിന്നൊഴിഞ്ഞ് ദേവാലയത്തിനുള്ളിലിരിക്കാൻ ഇഷ്ടപ്പെട്ട ഒരു കൗമാരമുണ്ട് ക്രിസ്തുവിന്. പിതാവിനോടുള്ള സല്ലാപത്തിൽ നേരം വെളുപ്പിക്കുന്ന ഒരു യൗവ്വനമുണ്ട്. ഒരു വിശേഷണവുമാവശ്യമില്ലാത്ത ഗത്സമന തോട്ടമുണ്ട്. കുരിശോളം തുടരുന്ന ഈ സമർപ്പണത്തെ സുവിശേഷകൻ എത്ര മികച്ച ഭാഷയിലാണ് എഴുതിയിരിക്കുന്നത്, "നിവൃത്തിയായി എന്ന് പറഞ്ഞ് തലചായ്ച്ചു ആത്മാവിനെ ഏല്പിച്ചു കൊടുത്തു." ദൈവത്തിങ്കലേയ്ക്കുള്ള ചായ്‌വിനെക്കുറിച്ചാണ് സുവിശേഷം പറയുന്നത് മുഴുവനും.

**വൻ നേട്ടങ്ങളേക്കാൾ ചില 'നോട്ടങ്ങൾ' ആവശ്യപ്പെടുന്നു് നമ്മുടെ കാലം.**

"സമർപ്പണം ആഘോഷപൂർവ്വമായ ചടങ്ങുകൾ മാത്രമാകുന്നുണ്ട് നമുക്കിടയിൽ. സമർപ്പിതർ ആർഭാടത്തിന്റെ അടയാളങ്ങളും." ഈ കഥ കേട്ടിട്ടുണ്ടോ? ഒരു സന്യാസിക്ക് കുറെ നാണയങ്ങൾ ദാനം നൽകാൻ ഒരാൾ വന്നു. എന്നാൽ സന്യാസി അത് വങ്ങിയില്ല.

അദ്ദേഹം പറഞ്ഞു; "എനിക്ക് ഇപ്പോൾ ഇതാവശ്യമില്ല. എന്റെ കൈവശം ഒരു നാണയമുണ്ട്." മറ്റെയാൾ ചോദിച്ചു; "അതെത്ര ദിവസത്തിന് തികയും? ഒരു നാണയം നിസ്സാരം."

സ്വാമി മറുപടി നൽകി: "ഒരു നാണയം തീരുന്നത് വരെ ഞാൻ ജീവിച്ചിരിക്കുമെന്ന് നിങ്ങൾക്ക് ഉറപ്പ് പറയാൻ കഴിയുമോ? എന്നാൽ ഞാൻ നിങ്ങളുടെ ദാനം സ്വീകരിക്കാം."

ഇത്രത്തോളം നിരാകുലരായി ജീവിക്കാൻ ഒരാൾക്കാകണമെങ്കിൽ അത്രത്തോളം അയാൾ ദൈവത്തെ ഇഷ്ടപ്പെടണം. ശരിക്കും വിശ്വാസമെന്ന് പറയുന്നത് ഒരു പ്രമാണം ഏറ്റുപറയലല്ല, നിരുപാധികമായ സ്നേഹം മാത്രമാണ്. ഒന്നുമാവശ്യപ്പെടാത്ത ദൈവബന്ധത്തെക്കുറിച്ചും ക്രിസ്തുവിനല്ലേ പഠിപ്പിക്കാനാവുക. പിതാവിനോട് ഭാഗം ചോദിക്കാത്ത പുത്രനായതുകൊണ്ട് തന്നെയാണ് അവൻ മുടിയുന്ന മനുഷ്യപുത്രന്മാർക്ക് പകരക്കാരനായത്. തെറ്റി ചാഞ്ഞുപോയ ആദമിന്റെ തലയാണ് ക്രിസ്തു ദൈവത്തിങ്കലേയ്ക്ക് തിരിച്ച് ചായിക്കുന്നതെന്ന് അപ്പോസ്തോലന്മാരൊക്കെ ആവർത്തിക്കുന്നുണ്ട്.

നമ്മുടെ ശിരസ്സുകളെ അല്പം താഴ്ത്താം. പരസ്പരം കേൾക്കാം. കാണാം. അറിയാം. വൻ നേട്ടങ്ങളേക്കാൾ ചില 'നോട്ടങ്ങൾ' ആവശ്യപ്പെടുന്നുണ്ട് നമ്മുടെ കാലം. ദൈവത്തിങ്കലേയ്ക്കും; സഹജീവികളിലേയ്ക്കും. എന്തിനേറെ, ഒരു കല്ല് മതിയല്ലോ ദർശനത്തിന്! "യാക്കോബ് ഒരു സ്ഥലത്ത് എത്തിയപ്പോൾ സൂര്യൻ അസ്തമിക്ക കൊണ്ട് അവിടെ രാപാർത്തു: അവൻ ആ സ്ഥലത്തെ കല്ലുകളിൽ ഒന്ന് എടുത്ത് തലയണയായി വച്ച് അവിടെ കിടന്നുറങ്ങി....." (ഉല്പത്തി 28:11). പിന്നീടവൻ ഉണരുന്നത് ഒരു തിരിച്ചറിവിലേയ്ക്കാണ്. 'യഹോവ ഈ സ്ഥലത്തുണ്ട് സത്യം!' കല്ലുകൾ പോലും സ്വപ്നങ്ങളെ ഉണർത്തുന്ന മണ്ണിൽ നമുക്കൊന്ന് തല ചായ്ക്കരുതോ? പരസ്പരം ഇടം നൽകാം. തലചായ്ക്കുന്ന ഇടങ്ങളൊക്കെ ദൈവസാന്നിധ്യമറിയിക്കുന്നുവെന്നും ഈ തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നില്ലേ! ശിരസ്സ് നമിക്കാൻ പഠിക്കാം. ഇനി നമുക്ക് നമസ്ക്കരിക്കാൻ ശീലിക്കാം.

# പ്രതിവാരധ്യാനം

ഫാ. ജെറി ജോൺ മാത്യു

**18 ജൂലൈ 2010**

**പെന്തിക്കൊസ്തിക്കു ശേഷം 8 – ാം ഞായർ**

മർക്കോസ് 8:1–10

യേശു ഏഴപ്പം കൊണ്ട് നാലായിരത്തിലധികം വരുന്ന പുരുഷാരത്തെ തൃപ്തിപ്പെടുത്തുന്നു. ഗലീലാ കടൽപ്പുറത്തുള്ള വിജനമായൊരു പ്രദേശത്താണ് ഈ അത്ഭുതം നടക്കുന്നത്. മുമ്പുള്ള ഞായറാഴ്ചകളിൽ പറഞ്ഞതുപോലെ അപ്പം ഇരട്ടിപ്പിക്കലിന്റെ അത്ഭുതം അനേകം പ്രാവശ്യം യേശു നടത്തി എന്ന് കരുതാവുന്നതാണ്. എന്നാൽ ഈ അത്ഭുതങ്ങളെ അതിന്റെ ഭൗതീക അർത്ഥങ്ങളിൽ മാത്രം കണ്ടും കേട്ടും ശീലിച്ചവരാണ് നമ്മൾ. ഭൗതിക തലത്തിൽ നടന്ന പ്രത്യക്ഷമായ അന്തരത്തേക്കാൾ ഉപരി ഈ അത്ഭുതം, ക്രിസ്തുവിന്റെ മറ്റേതൊരത്ഭുതത്തെയും പോലെ സാമൂഹിക-സാംസ്കാരിക തലങ്ങളിൽ വരുത്തിയ മാറ്റത്തിന്റെ അളവ് വളരെ വലുതാണ്. ആ അർത്ഥതലങ്ങളിൽച്ചെന്ന് ഈ അത്ഭുതത്തിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കുവാൻ നാം ശ്രമിക്കണം.

ഈ അത്ഭുത പ്രവർത്തനത്തിൽ ക്രിസ്തു ചെയ്ത ചില പ്രത്യേക കർമ്മങ്ങൾ ഒന്ന് ശ്രദ്ധിക്കാം: മർക്കോസ് 8:6 പ്രകാരം അവ ഇങ്ങനെ രേഖപ്പെടുത്താം. 1) അപ്പം എടുത്ത്, 2) സ്തോത്രം ചെയ്ത്, 3) നുറുക്കി, 4) ശിഷ്യന്മാർക്ക് കൊടുത്തു. പെസഹാ ദിവസത്തിൽ ക്രസ്തു വിശുദ്ധകുർബ്ബാന സ്ഥാപനത്തിൽ ചെയ്ത കർമ്മങ്ങൾ മർക്കോസ് 14:22 ൽ രേഖപ്പെടുത്തിയിരിക്കുന്നതും ഇതേ വാക്കുകൾ കൊണ്ടാണ്. ലൂക്കോസ് 22:19 ലും, മത്തായി 26:26 ലും, 1 കൊരിന്ത്യർ 11:23–26 ലും ഈ പ്രവർത്തനങ്ങൾ മുറതെറ്റാതെ യേശു ചെയ്തു എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് വായിക്കുക. ഇവിടെയെല്ലാം ക്രിസ്തു ചെയ്തത് ഒരേ മുറയിലുള്ള പ്രവൃത്തിതന്നെയാണ്. എന്നാൽ ഇത് ക്രിസ്തു മാത്രം ചെയ്തിരുന്ന പ്രവൃത്തിയല്ല. തങ്ങൾ ഒരുമിച്ചു കൂടി വന്നിരുന്ന സമയങ്ങളിലെല്ലാം യഹൂദന്മാർ പെസഹാ പെരുന്നാളിൽ പ്രത്യേകിച്ച്- ഈ പ്രവൃത്തികൾ അത്താഴത്തിനു മുമ്പ് മുറതെറ്റാതെ ചെയ്തിരുന്നു എന്ന് വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതായത് യഹൂദന്മാർ പെസഹായുടെ ദിവസം ചെയ്തിരുന്ന ആചാരമുറകളാണ് യേശു ഇവിടെയെല്ലാം ചെയ്യുന്നത്.

പുറപ്പാട് 12:47–51 ൽ യിസ്രായേൽ ജനം മുഴുവന്റെയും രക്ഷയുടെ അടയാളമായി യഹോവയാൽ നിയമിക്കപ്പെട്ട കാനോനികമായ വാഗ്ദാന സമ്പൂർത്തിയുടെ ഓർമ്മപ്പെരുന്നാളാണല്ലോ പെസഹ. ഈ രക്ഷാദിവസത്തിൽ യഹൂദന്മാർ അത്താഴത്തിൽ ആചരിച്ചുവന്നിരുന്ന ആചാരമുറകൾ അണുവിട വ്യത്യാസപ്പെടുത്താതെ ക്രിസ്തു ഇവിടെ ആചരിക്കുകയാണ്. അതായത് യഹൂദന്മാർക്ക് മാത്രം എന്ന് വിശ്വസിച്ചു പോന്നിരുന്ന ദൈവീകരക്ഷയുടെ വാതിൽ ഗലീലയിൽ തടിച്ചുകൂടിയിരുന്ന സർവ്വജനത്തിനും വേണ്ടി ക്രിസ്തു തന്നെ തുറന്നുകൊടുക്കുകയാണ്. ദൈവീക രക്ഷണ്യ ചരിത്രത്തിൽ ക്രിസ്തു പുതിയ അദ്ധ്യായം തുറക്കുന്നു. യഹൂദന്മാർക്കെന്നു മാത്രം വിചാരിച്ചിരുന്ന "സ്വന്തജന"പദവി സർവ്വസൃഷ്ടിക്കും തുറക്കുന്നു. മാത്രമല്ല, വി. കുർബ്ബാനയുടെ സ്ഥാപനത്തിങ്കൽ ക്രിസ്തു ചെയ്ത പുതിയ ഉടമ്പടിയുടെ ഒരു മുൻ അദ്ധ്യായമായി ഈ അത്ഭുതം നില്ക്കുന്നു. ഇക്കാരണത്താൽ ക്രിസ്ത്യാനികൾക്കു മാത്രമോ, യഹൂദർക്കു മാത്രമോ ആണെന്ന് നാമിന്നും അവകാശപ്പെടുന്ന ദൈവീക രക്ഷണ്യ പ്രവർത്തനം സൃഷ്ടി മുഴുവനും ആസ്വദിക്കുവാനും ഇടവരുന്നു. ജാതി-മത-വർഗ്ഗ വ്യത്യാസമില്ലാതെ ഏവർക്കും രക്ഷ പ്രദാനം ചെയ്യുവാൻ ക്രിസ്തു ഈ അത്ഭുതത്തിൽ ശ്രമിക്കുന്നു. യഥാർത്ഥത്തിൽ ഇതാണ് ഗലീലയുടെ വിജനപ്രദേശത്ത് നടന്ന അത്ഭുതം.

**25 ജൂലൈ 2010**

**പെന്തിക്കൊസ്തിക്കു ശേഷം 9 – ാം ഞായർ**

ലൂക്കോസ് 14:7–11

വി. ലൂക്കോസിന്റെ സുവിശേഷത്തിൽ അനേകം പ്രാവശ്യം ഭക്ഷണസമയത്തുണ്ടായിരിക്കേണ്ട പെരുമാറ്റ രീതികളെപ്പറ്റി പറയുന്നുണ്ട്. മുത്താഴത്തിനു മുമ്പുള്ള കുളി (11:38), ആര്, എന്ത്, എപ്പോൾ കഴിക്കണം (6:1–5), എന്ത് ചെയ്യണം, എന്ത് ചെയ്യരുത് (7:36–50), ആരെ ഭക്ഷണത്തിന് ക്ഷണിക്കണം (15:2), ആര്, ഏത് ക്രമത്തിലിരിക്കണം (17:7–8) എന്നിങ്ങനെ ഭക്ഷണസമയത്തുള്ള യഹൂദന്മാരുടെ പെരുമാറ്റരീതികളുടെ പല വശങ്ങളെപ്പറ്റി ഈ സുവിശേഷം പറയുന്നുണ്ട്. എന്നാൽ ഇതിനു വിപരീതമായി പണം, പ്രതാപം, പ്രശസ്തി, ജാതി, കുലം തുടങ്ങി മനുഷ്യരെ പല തട്ടുകളിൽ കണ്ടുവന്നിരുന്ന യഹൂദ സാംസ്കാരിക ക്രമങ്ങളെയും ശീലങ്ങളെയും നഖശിഖാന്തം എതിർക്കുന്ന ക്രിസ്തുവിന്റെ പുതിയ നിയമക്രമത്തെയും വി. ലൂക്കോസ് പരിചയപ്പെടുത്തുന്നുണ്ട്.

പെരുന്നാളുകളിലും പ്രധാന ദിവസങ്ങളിലും വിരുന്ന് കൊടുക്കുക, വിരുന്നിന് പോവുക എന്നത് യഹൂദന്മാർക്ക് ഒരു പ്രധാന സാംസ്കാരിക സമ്പ്രദായമായിരുന്നു. പല തട്ടുകളിലായി ക്രമീകരിക്കപ്പെട്ടിരുന്ന സാമൂഹിക ജീവിതങ്ങളെ ഒരു മേൽക്കൂരയ്ക്ക് കീഴിൽ ഒരുമിച്ച് കൊണ്ടുവരുവാൻ വിരുന്നുകൾ സഹായിച്ചിരുന്നു. എങ്കിലും, ഒരിക്കലും ഒരുവിധത്തിലുള്ള ഐക്യദാർഢ്യമോ സത്യഭാവമോ ഉണ്ടാക്കിയെടുക്കുവാൻ ഉപയോഗപ്പെട്ടിരുന്നില്ല, എന്നത് ഇതിന്റെ പിന്നാമ്പുറം. ഇത്തരം വിരുന്നുകൾ അതുകൊണ്ടുതന്നെ സാമൂഹിക ഉച്ചനീചത്വങ്ങൾ വിലക്കുന്നതിനു പകരം

ഊട്ടിയുറപ്പിച്ചു. തങ്ങളുടെ അന്തസ്സും അഭിമാനവും പദവിയുമെല്ലാം പരസ്യമായി പ്രകടമാക്കുവാനും അവ പരിപോഷപ്പെടുത്തുവാനും സമൂഹത്തിൽ ഉന്നതരായിരിക്കുന്നവരെ ക്ഷണിക്കുന്നതും, അവർക്ക് മുഖ്യാസനങ്ങൾ കൊടുക്കുന്നതും ആചാരമുറകളുടെ ഭാഗമാക്കിയിരുന്ന യഹൂദന്മാരുടെ കപട സാമൂഹിക ക്രമത്തെയാണ് യേശു ഇവിടെ വെല്ലുവിളിക്കുന്നത്. അതുകൊണ്ടുതന്നെ ഈ വേദഭാഗം അല്പം മുന്നോട്ടു വായിക്കുന്നത് നല്ലതാണ്.

"മേന്മയേറിയവർ" മാത്രം ക്ഷണിക്കപ്പെടുന്ന സാമൂഹ്യസ്ഥിതിയിൽ നിന്ന്, സ്വർഗ്ഗരാജ്യത്തിന്റെ വിരുന്നിലേയ്ക്കുള്ള ഒരു തുറന്ന ക്ഷണമാണ് ക്രിസ്തു വാഗ്ദാനം ചെയ്യുന്നത്. ഈ സ്വർഗ്ഗരാജ്യ പന്തിയിൽ പണവും, പേരും, പ്രശസ്തിയും ഒന്നും കണക്കിടുന്നില്ല എന്നും താഴ്മയും, സ്വയ പരിത്യാഗ മനോഭാവവുമാണ് ഏറ്റവും പ്രധാനപ്പെട്ട ഗുണങ്ങളെന്നും ക്രിസ്തു ഇവിടെ ഓർമ്മിപ്പിക്കുന്നു. സ്വർഗ്ഗരാജ്യപന്തിയാണ് പ്രധാനപ്പെട്ടത്. സ്വർഗ്ഗരാജ്യ മൂല്യങ്ങൾ അടിസ്ഥാനപ്പെടുത്തി ആരെയും തരംതാഴ്ത്താതെ ഏവരെയും സമത്വബോധത്തോടെ കാണുവാനും എല്ലാ വ്യക്തികൾക്കും സ്വർഗ്ഗരാജ്യത്തിൽ പന്തിയിലുള്ള പങ്കാളിത്തം ഉറപ്പാക്കുവാനും ക്രിസ്തു ഇവിടെ ആഹ്വാനം ചെയ്യുകയാണ്.

സമൂഹത്തിൽ പേരും, പണവും, പ്രശസ്തിയുമുള്ളവരോട് കൂറും സ്നേഹവും കാണിക്കുകയും പാവപ്പെട്ടവരെ പുച്ഛിക്കുകയും ചെയ്യുന്ന ദുഷ്പ്രവണത നമ്മിൽ പലർക്കുമുണ്ടല്ലോ? പണവും പ്രതാവും മാത്രം ദൈവാനുഗ്രഹമായി കാണുന്ന ഇന്നത്തെ നമ്മുടെ സമൂഹത്തിൽ നമ്മൾ എത്രപേർക്ക് പാവങ്ങളോട് ആത്മാർത്ഥമായി അനുരൂപരാകുവാൻ സാധിക്കും?

**1 ആഗസ്റ്റ് 2010**

**പെന്തിക്കോസ്തിക്കു ശേഷം 10 – ാം ഞായർ**

മത്തായി 18:1–11

ഈ വേദഭാഗത്തിന് അനേകം വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. അതിലേറ്റവും പ്രധാനം ഏവരും ശിശുക്കളെപ്പോലെ നിർമ്മലരും നിഷ്കളങ്കരുമായി തീരുക എന്നതാണ്. എന്നാൽ ഈ വേദഭാഗത്തിലെ ക്രിസ്തുവിന്റെ പ്രസ്താവനയുടെ അർത്ഥം കേവലം ഈ ആദ്ധ്യാത്മീയതലത്തിൽ മാത്രം ഒതുങ്ങുന്നതല്ല. ഒരു സാമൂഹിക കെട്ടുറപ്പിനുള്ളിൽ ഏറ്റം അശക്തരും ബലഹീനരും ശിശുക്കൾ തന്നെയാണ്. സമൂഹത്തിലുണ്ടാകുന്ന ചെറുചലനങ്ങൾ പോലും ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നത് ശിശുക്കൾ എന്ന വിഭാഗക്കാരെയായിരിക്കും. ഒരു കുടുംബ കെട്ടുറപ്പിനുള്ളിലായാലും സാമൂഹിക കെട്ടുറപ്പിനുള്ളിലായാലും ശിശുക്കൾ ഏറ്റവും താണ സ്ഥാനം അലങ്കരിക്കുന്നവരാണ്. ഒരു പക്ഷേ സ്നേഹം എന്ന വൈകാരിക ബന്ധം ഒഴിച്ചാൽ സമൂഹം അടിമകളെ കാണുന്നതിനു തുല്യമായാണ് ശിശുക്കളെയും കാണുന്നത്. സ്വന്തജീവിത പാതയിൽ മറ്റുള്ളവരുടെ തീരുമാനങ്ങൾക്ക് വഴങ്ങി ജീവിക്കുന്നവരാണ് ശിശുക്കൾ. പലപ്പോഴും തങ്ങളുടെ ഇഷ്ടങ്ങൾ തങ്ങളെ നിയന്ത്രിക്കുന്നവരുടെ ഇഷ്ടമാക്കി മാറ്റി കാര്യസിദ്ധി നേടുവാൻ വിധിക്കപ്പെട്ടവരാണ് അവർ.

രാഷ്ട്രീയ, സാമൂഹിക ചൂഷണത്തിന് നിരന്തരം വഴങ്ങേണ്ടി വന്ന, പ്രതികരണശേഷി പോലും നഷ്ടപ്പെട്ട ഒരു സമൂഹത്തെ മുൻനിറുത്തിയാണ് ക്രിസ്തു ഈ പരാമർശം നടത്തുന്നത്. 18:12 മുതലുള്ള വാക്യങ്ങളിൽ യേശു സമൂഹത്തിന്റെ അടിത്തട്ടിലുള്ള മറ്റൊരു സമൂഹമായ ആട്ടിടയ വർഗ്ഗത്തിനു പ്രാധാന്യം നൽകുന്നത് ശ്രദ്ധേയമാണ്. ഈ വാക്യത്തിന് രണ്ടുതലങ്ങളുണ്ട്. "ശിശുക്കൾ" എന്നത് ഭൗതിക അർത്ഥത്തിലും, സൂചനാ അർത്ഥത്തിലും മനസ്സിലാക്കേണ്ടതാണ്. യേശു ഇവിടെ ശിശുക്കളുടെ പ്രത്യേകത എന്ന് എടുത്തു പറയുന്നത് മൂന്നു ഗുണങ്ങളാണ്. തന്നത്താൻ താഴ്ത്തുന്നവർ (18:4), എന്നിൽ വിശ്വസിക്കുന്നവർ (18:6), ചെറിയവർ (18:6, 18:10).

ഈ മൂന്നു വിശേഷണങ്ങളും "ശിശുക്കൾ" എന്ന ഭൗതീക തലത്തിൽ പെട്ടവർക്കു മാത്രമല്ല, മറിച്ച് ആ വാക്കുകൊണ്ട് ഉദ്ദേശിക്കുന്ന അടിസ്ഥാന വർഗ്ഗത്തിൽപെട്ട ഏതൊരു വ്യക്തിക്കും അവകാശപ്പെട്ടതാണ്. "തിരിഞ്ഞ് ശിശുക്കളെപ്പോലെയാവുക" എന്നത് യേശു തരുന്ന പുതിയ ആഹ്വാനമാണ്. സമൂഹത്തിൽ ദുർബലരും, അശക്തരും, പീഡിത വർഗ്ഗക്കാരുമായവരോട് നീതി പുലർത്തുക എന്നും പ്രയാസങ്ങളും ദുഃഖങ്ങളും അനുഭവിക്കുന്നരോടൊപ്പം സ്നേഹം പങ്കിടുക എന്നും യേശു പഠിപ്പിക്കുന്നു.

അശക്തരും ദുർബലരുമായ "ശിശുക്കൾക്കേ" സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ സാധിക്കൂ എന്ന് യേശു പറയുമ്പോൾ നമുക്ക് മുന്നിൽ ലക്ഷ്യമായി നിൽക്കേണ്ടത് "ശിശുവായി"ത്തീരുക എന്നതാണ്. ഇത് ഭൗതീക ശരീരത്തിന്റെ മാറ്റമല്ല, മറിച്ച് മനഃപൂർവ്വമായ പക്ഷംചേരലാണ്. ദുഃഖങ്ങളും ദുരിതങ്ങളും അനുഭവിക്കുന്നവരോടൊപ്പം മനഃപൂർവ്വമായി പക്ഷം ചേരണം നാം. ഈ മനഃപൂർവ്വമായ പക്ഷം ചേരൽ മാത്രമാണ് ശിശുവായിത്തീരുവാൻ നമ്മെ പ്രാപ്തരാക്കുന്നത്. ഇത് വലിയൊരു വെല്ലുവിളിയാണ്. ഈ മനഃപൂർവ്വമായ പക്ഷംചേരലിന് ഉണ്ടാവേണ്ട അടിസ്ഥാനഗുണങ്ങളാണ് ശിശുവായിത്തീരുക എന്നതുകൊണ്ട് യേശു അർത്ഥമാക്കുന്നത്. തന്നത്താൻ താഴ്ത്തുക, യേശുവിൽ വിശ്വസിക്കുക, സ്വയം ചെറിയവരെന്ന് വിലയിരുത്തുക. ആരെയും തരംതാഴ്ത്തി കാണരുതെന്ന് മാത്രമല്ല, സമൂഹത്തിൽ അടിത്തട്ടിൽ കഴിയുന്നവർ എന്ന് നാം കരുതുന്നവരുമായി താദാത്മ്യപ്പെടുവാനും അവരിലൊരൊളായി മാറുവാനും നമുക്ക് ധൈര്യവും, മനഃപൂർവ്വമായ അഭിവാഞ്ഛയും ഉണ്ടാവണം.

**8 ആഗസ്റ്റ് 2010**

**കൂടാരപ്പെരുന്നാളിനു ശേഷം 1 – ാം ഞായർ**

മത്തായി 21:28–32

യെരുശലേമിലേയ്ക്കുള്ള യേശുവിന്റെ വിജയ പ്രവേശവും, പ്രവർത്ത

നങ്ങളുമാണ് 21-ാം അദ്ധ്യായത്തിന്റെ ഉള്ളടക്കം. യെരുശലേമിലുള്ള യേശുവിന്റെ പ്രവർത്തനത്തിന്റെ ആദിയോടന്തം വളരെയധികം പ്രശ്നങ്ങളും പ്രതിബന്ധങ്ങളും യഹൂദന്മാരിൽ നിന്ന് യേശുവിന് നേടിടേണ്ടിവന്നു. മറ്റൊരു വിധത്തിൽ ചിന്തിച്ചാൽ യേശു യെരുശലേമിലേയ്ക്ക് പ്രവേശിക്കുന്നത് യഹൂദന്മാർക്ക് ഒട്ടും താല്പര്യമില്ലായിരുന്നു. ഒരുതരം ഊരുവിലക്ക്. അതിനു കാരണം യേശു അന്യജാതിക്കാരോടും പരദേശികളോടും കൂടെ വസിക്കുന്നു എന്നതുമാണ്. യഹൂദ മതപ്രമാണികളുടെ ചോദ്യങ്ങൾക്ക് യേശു ഉത്തരം കൊടുക്കുകയാണിവിടെ.

മദ്ധ്യധരണി പ്രദേശത്ത് നിലനിന്നിരുന്ന പ്രസിദ്ധമായ ഒരു കഥയുടെ പ്രസക്ത ഭാഗങ്ങൾ മുൻ വച്ചുകൊണ്ടാണ് യഹൂദാ പ്രമാണികളുടെ ചോദ്യങ്ങളെ യേശു നേരിടുന്നത്. പല സ്ഥലങ്ങളിലും ചെയ്തതു പോലെ ഇവിടെയും പ്രവൃത്തി വാക്കിനേക്കാൾ വലുതാണ് എന്ന് യേശു സൂചിപ്പിക്കുന്നു. "ഈ രണ്ടു പേരിൽ ആർ ആകുന്നു അപ്പന്റെ ഇഷ്ടം ചെയ്തത്?" എന്ന ചോദ്യത്തിലൂടെ ദൈവേഷ്ടത്തിന് പ്രാധാന്യം കൊടുത്ത് ജീവിക്കുക എന്ന ഉപദേശം കൊടുക്കുകയാണ് യേശു. ദൈവേഷ്ടം പ്രവൃത്തിയിലൂടെ പ്രകടമാക്കുക എന്നതാണ് ഇവിടത്തെ വെല്ലുവിളി. മൂത്തപുത്രൻ പിതൃഹിതം നിഷേധിച്ചെങ്കിലും അനുസരണക്കേട് കാണിക്കാത്തതുവഴി അനുതാപത്തോടെ അത് തന്റെ ഇഷ്ടമാക്കി മാറ്റുവാൻ ശ്രദ്ധിച്ചു. ഇളയ സഹോദരനോ താല്ക്കാലികമായ പ്രീതി സമ്പാദ്യത്തിനായി പിതൃഹിതം അറിയുകയും എന്നാൽ തൻഹിതം പിതൃഹിതത്തേക്കാൾ വലിയത് എന്ന് എണ്ണുകയും ചെയ്തു. തനിക്ക് ആവാത്തതിനോട് ഇല്ല എന്ന് പറയുന്ന തുറന്ന മനോഭാവവും ദൈവഹിതം തൻഹിതമാക്കി മാറ്റാനുള്ള അനുതാപപൂർണ്ണമായ ആത്മാർത്ഥതയും മൂത്തപുത്രനെ ഇളയവനിൽ നിന്ന് വ്യത്യസ്തനാക്കുന്നു.

നമ്മുടെ മദ്ധ്യത്തിലും അവിടെയും ഇവിടെയും നിത്യം കണ്ടുമുട്ടാറുള്ള കഥാപാത്രങ്ങളാണ് ഈ രണ്ട് പുത്രന്മാരും. താല്ക്കാലികമായ നേട്ടങ്ങൾക്കു വേണ്ടി അധികാരമുള്ളവരോട് അല്പം പോലും ആത്മാർത്ഥതയില്ലാതെ "ശരി" എന്ന മനോഭാവം വച്ച് പുലർത്തുന്നവർ. എന്നാൽ ഇവർ പലപ്പോഴും അധികാരികൾക്ക് "നല്ലവർ" ആയിത്തീരുകയും ചെയ്യുന്നു. ദൈവഹിതം നമ്മുടെ ഇംഗിതങ്ങൾക്കും ഇഷ്ടാനിഷ്ടങ്ങൾക്കും മീതെയാക്കുവാനും ദൈവേഷ്ടത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ജീവിക്കുവാനും നമ്മൾക്കാവണം.

### 15 ആഗസ്റ്റ് 2010
### ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ
യോഹന്നാൻ 19:25-27

ദൈവത്തിന്റെ രക്ഷണ്യ പ്രവർത്തനങ്ങളിൽ മറിയം വഹിച്ച പങ്ക് വളരെ നിർണ്ണായകമാണ്. യേശുവിന്റെ അമ്മ എന്ന രീതിയിൽ മറിയമിനെ അറിയാത്തവർ ഉണ്ടാവില്ല. എന്നാൽ ഓർത്തഡോക്സ് സഭാവിശ്വാസത്തിൽ മറിയം, "വിശുദ്ധ ദൈവമാതാവ്" എന്ന പദവികൊണ്ടാണ് അറിയപ്പെടുന്നത്. ഈ പദവി മനുഷ്യഹിത പ്രകാരം ഉണ്ടായതല്ല, മറിച്ച് ദൈവേഷ്ടത്തിന്റെ പൂർത്തീകരണമാണ്. വി. മാതാവിനോട് ദൈവദൂതൻ സംസാരിച്ചപ്പോൾ പറഞ്ഞ വാക്കുകൾ ഇതിന് ഏറ്റവും വലിയ ഉദാഹരണങ്ങളാണ്. 1) കർത്താവ് നിന്നോടുകൂടെ, 2) ഉദരഫലമായ ക്രിസ്തു വാഴ്ത്തപ്പെട്ടവനാകും പോലെ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ. യേശു ദൈവപുത്രനാണ് പിതൃപുത്ര പരിശുദ്ധാത്മാവായ ത്രിയേക ദൈവത്തിൽ, പുത്രനാം ദൈവത്തിന്റെ മാംസരൂപമാണ് യേശു. ഈ മാംസരൂപമായ, യേശു എന്ന പുത്രനാം ദൈവം, മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായി അവതാരം ചെയ്തപ്പോൾ തന്റെ ഇഹലോക രക്ഷണ്യ പ്രവർത്തനത്തിന്റെ ആരംഭം കുറിച്ചത് സ്വർഗ്ഗത്തിൽ നിന്ന് ശരീരം കൂടാതെ പറന്നിറങ്ങിക്കൊണ്ടോ, ഭൂമിയിൽ നിന്ന് പൊട്ടിമുളച്ചു കൊണ്ടോ അല്ല, മറിച്ച് മനുഷ്യജീവിതത്തിന്റെ സർവ്വ മർമ്മങ്ങളും സ്വീകരിക്കുവാൻ മനുഷ്യശരീരം അഥവാ മനുഷ്യമാംസത്തിൽ അംശിയായതു വഴിയാണ്. ഇപ്രകാരമുള്ള മനുഷ്യാവതാര പ്രക്രിയയിൽ ദൈവപുത്രൻ "ജനിക്കുക" ആവശ്യമായിരുന്നു. ഈ "ജനനം" എന്ന അവതാര പ്രക്രിയയിൽ ദൈവപുത്രൻ മനുഷ്യപുത്രനായിത്തീരുവാൻ ശരീരം, മനുഷ്യശരീരം തന്നെ സ്വീകരിക്കുകയാണ്. ദൈവപുത്രൻ ഒരു അമ്മയിൽ നിന്ന് ജനിക്കുന്നു. ഈ ജനനം വഴി ദൈവം മനുഷ്യനായി അവതരിക്കുന്നു എന്നതിനാൽ പരിമിതനായ മനുഷ്യനെ ദൈവീക അപരിമിതികൾക്ക് പ്രാപ്തനാക്കിത്തീർക്കുകയും ചെയ്യുന്നു. അതായത് ദൈവത്തിന്റെ സകല സ്വഭാവങ്ങളും ഗുണങ്ങളും പ്രകൃതിയും മനുഷ്യനിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നു. ഇതുമൂലം തന്റെ ശരീരവും അതിന്റെ ശ്രോതസ്സായ മറിയമിന്റെ ശരീരവും അതുമൂലം മനുഷ്യശരീരങ്ങളും അതുവഴി സൃഷ്ടി മുഴുവനും അമർത്യതയുടെ രുചി അറിയുന്നു. ക്രൂശിലെ മരണത്തോടെ നശിച്ചു എന്ന് പലരും വിധിയെഴുതിയ ഭൗതീക ശരീരം, ഉത്ഥിത ക്രിസ്തുവിൽ നഷ്ടമാകുന്നില്ല. ഇത് വേദപുസ്തക സാക്ഷ്യം. അതായത് മറിയാമിൽ നിന്ന് സ്വീകരിച്ച മനുഷ്യശരീരത്തിലേയ്ക്ക് ദൈവീക കൃപ കടന്നുകയറി, അതിനെ അമർത്യമാക്കുന്നതായി മനുഷ്യാവതാരം ഭവിക്കുന്നു. ഒരിക്കലും ദ്രവ്യത്വം കാണാത്ത ദൈവീക കരുണയുടെ പ്രകട രൂപമായ മർത്യശരീരവും ആ അമർത്യതയെ സ്വീകരിക്കുന്നു.

ഇക്കാരണത്താൽ യേശുവിന്റെ അമ്മ ദൈവപുത്രനാം ക്രിസ്തുവിന്റെ മാതാവായി വാഴ്ത്തപ്പെടുന്നു, ദൈവമാതാവായി പുകഴ്ത്തപ്പെടുന്നു. ജനിച്ചപ്പോൾത്തന്നെ "ശുദ്ധിമതിയായി" ജനിച്ചവൾ എന്ന റോമൻ കത്തോലിക്കാ സഭയുടെ "അമലോത്ഭവ" എന്ന വിശേഷണം, വിശുദ്ധ ദൈവമാതാവിന് ഓർത്തഡോക്സ് സഭ കൊടുക്കുന്നില്ല. ദൈവീക മനുഷ്യാ

പ്രതികരണം

# ദൈവം സാങ്കല്പികമോ?

എ. കെ. പത്രോസ്

കഴിഞ്ഞ ഏപ്രിൽ മാസത്തെ ഡയോസിസൻ ബുള്ളറ്റിനിന്റെ എഡിറ്റോറിയൽ ആണ് ഈ ധ്യാനവിഷയത്തിലേയ്ക്ക് എന്നെ നയിച്ചത്. ദൈവം സാങ്കല്പികമല്ല, മറിച്ച് എന്നും കൂടെയിരിക്കുന്ന, എല്ലാം അറിയുന്ന ജീവനുള്ളവനാണ് എന്ന് പ്രഖ്യാപിക്കുവാൻ എന്റെ മനഃസ്സാക്ഷി നിർബന്ധിക്കുന്നു. കേവലം ഒരപകടത്തിൽ നിന്നും രക്ഷിക്കുന്ന, രോഗസൗഖ്യം നൽകുന്ന, ഒരുവനായി ദൈവത്തെ ചിത്രീകരിക്കുവാനും കഴിയില്ല. തകർച്ചകളിലും, ഉയർച്ചകളിലും, രോഗത്തിലും, സൗഖ്യത്തിലും, ലാഭത്തിലും, നഷ്ടത്തിലും ജീവിക്കുന്ന ദൈവത്തിന്റെ സാന്നിധ്യം അനുഭവിക്കുന്ന ഒരു സാധാരണ വ്യക്തിയാണ് ഞാൻ. ദൈവവിശ്വാസമില്ലാതെ തിന്മയുടെ പടുകുഴിയിൽ ആയിരുന്നപ്പോഴും ദൈവസ്നേഹം എന്നെ പിന്തുടരുകയായിരുന്നു. ആ ദൈവസ്നേഹത്തെയും കരുതലിനെയും ഞാൻ തിരിച്ചറിഞ്ഞത് എന്റെ 42-ാമത്തെ വയസ്സിലാണ് എന്നു മാത്രം. അതിനുശേഷം ഇന്നുവരെ 20 വർഷമായി ദൈവസാന്നിധ്യം അനുഭവിക്കുന്നു. അതിനുള്ള തെളിവുകൾ എന്റെ ജീവിതത്തിൽ വന്ന വലിയ മാറ്റങ്ങളും ആത്മീയ ജീവിതത്തിൽ എന്നെ ശക്തനാക്കിയ അനുഭവങ്ങളുമാണ്. അതുമൂലം നഷ്ടങ്ങളും സഹനങ്ങളും പരിഹാസങ്ങളും ഏറെ ഉണ്ടായിട്ടുണ്ട്. എന്നാൽ അതൊന്നും ദൈവസ്നേഹത്തിൽ നിന്ന് എന്നെ പിന്തിരിപ്പിക്കുവാൻ ഉതകുന്നതായിരുന്നില്ല. കാരണം ജീവനുള്ള ദൈവം എന്നിൽ ശക്തമായി പ്രവർത്തിക്കുന്നു എന്നുള്ളതുതന്നെ.

ഇത് എന്റെ മാത്രം സാക്ഷ്യമല്ല. ക്രൈസ്തവസഭ അനേകരുടെ ജീവരക്തത്താൽ പണിതുയർത്തപ്പെട്ടതാണ്. ഇന്നും അനേകർ സമ്പത്തും ആരോഗ്യവും എല്ലാം ത്യജിച്ച് സുവിശേഷ വേലയിലും സൽപ്രവൃത്തികളിലും വ്യാപൃതരായിരിക്കുന്നു. സാങ്കല്പിക ദൈവത്തെ പ്രതി ആരെങ്കിലും സർവ്വവും ജീവനെത്തന്നെയും ത്യജിക്കുവാൻ മുന്നോട്ട് വരുമെന്ന് വിശ്വസിക്കുവാൻ കഴിയുകയില്ല. യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്നുള്ള സാക്ഷ്യം ബൈബിൾ വിശ്വസിക്കുന്നവർ ഏറ്റുപറയുകതന്നെ ചെയ്യും. ബൈബിൾ വായിച്ചിട്ടുള്ളവരോ, അറിയുന്നവരോ പറയണമെന്നുമില്ല. ഒരു ഗ്രന്ഥത്തിന് ജീവനുള്ള ദൈവത്തെ വരച്ചുകാണിക്കുക സാദ്ധ്യമല്ല. പക്ഷെ ദൈവാന്വേഷണത്തിന് ഗ്രന്ഥങ്ങൾ സഹായകമാണ്. അന്വേഷിക്കുന്നവർ കണ്ടെത്തും സംശയമില്ല. എന്നാൽ അത് മുൻവിധിയോടെ ആകരുതെന്ന് മാത്രം. ശാസ്ത്രീയമായോ ബൗദ്ധീക തലത്തിലോ ദൈവത്തെ കണ്ടെത്താമെന്ന് ഞാൻ വിചാരിക്കുന്നില്ല. ജീവനുള്ള ദൈവത്തെ കണ്ടുമുട്ടിയവർ രോഗങ്ങളിലും അപകടങ്ങളിലും തകർച്ചകളിലും ദൈവത്തെ സ്തുതിക്കുന്നതു കാണാം. ഇതാണ് മറ്റുള്ളവരെ വിശ്വസിപ്പിക്കുവാനും ഏറ്റുപറയുവാനും പ്രേരിപ്പിക്കുന്നത്. വിശ്വാസത്തിൽ വളരുന്തോറും അനുഭവമായിമാറും. ഏതു പ്രതിസന്ധിയും അതിജീവിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യും. അഥവാ പ്രതിസന്ധികൾ തകർച്ചയിലേയ്ക്ക് നീങ്ങിയാലും പതറാത്ത വിശ്വാസി കൂടുതൽ കരുത്തോടെ തിരിച്ചുവരികയും ചെയ്യും. സാങ്കല്പിക ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് ഒരു പരിധിക്കപ്പുറം പിടിച്ചുനിൽക്കുവാൻ കഴിയില്ല. അവന്റെ ബുദ്ധി വിശ്വാസത്തെ മറികടക്കും. അതുകൊണ്ട് നിലനിൽക്കുകയില്ല.

ജീവനുള്ള ദൈവത്തിന്റെ കൈകളിലേയ്ക്കാണ് തന്റെ ആത്മാവിനെ ഏല്പിക്കുന്നത് എന്ന് വിശ്വസിക്കുന്ന ഒരുവനു മാത്രമേ സന്തോഷത്തോടെ മരണത്തെ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. അല്ലാത്ത ഒരുവനും മരണഭയം വിട്ടുമാറുകയില്ല.

പുനരുത്ഥാനവും ജീവനും ഞാൻ തന്നെ എന്നറിയിച്ച യേശുക്രിസ്തു ജീവനുള്ള ദൈവമാണെന്ന് ഓരോ ക്രിസ്ത്യാനിയും ഏറ്റുപറയുവാൻ പ്രതിജ്ഞാബദ്ധനാണ്. ജീവിതാനുഭവത്തിലൂടെ അതിന് സംഗതി വരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

---

വതാരത്തിന് ഒരു മാനുഷീക അടിസ്ഥാനം അത്യാവശ്യമായിരുന്നു. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട മറിയം ഈ തെരഞ്ഞെടുപ്പിനോട് പരിപൂർണ്ണമായ വിധേയത്വം പ്രഖ്യാപിക്കുക വഴി പരിശുദ്ധാത്മാവിനാൽ ശുദ്ധീകരിക്കപ്പെടുന്നു.

ദൈവമാതാവിനെ നാം ആരാധിക്കുന്നില്ല. ദൈവത്തിനും മനുഷ്യനുമിടയിൽ നിലനിൽക്കുന്ന മനുഷ്യാവതാരം ചെയ്ത ഏക മദ്ധ്യസ്ഥൻ യേശുവാണ്. ആ യേശു പുത്രനാം ദൈവമാണ്, മറിയാമിൽ നിന്ന് ശരീരമെടുത്തവനാണ്, ശുദ്ധീകരിക്കപ്പെട്ടവനാണ്, ഉത്ഥാനം ചെയ്തവനുമാണ്. എന്നാൽ ജീവനോടിരിക്കുമ്പോഴും മരണശേഷവും നമ്മൾക്കുവേണ്ടി പ്രാർത്ഥിക്കുന്നവരെ നാം മറക്കരുത്. മാതാവിനോട് നാം അഭ്യർത്ഥിക്കുകയാണ്, പുത്രൻ തമ്പുരാനോട് നമ്മൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ എന്ന് അമ്മയോടപേക്ഷിക്കുകയാണ്.

ദൈവീക രക്ഷണ്യചരിത്രത്തിൽ ഈ വിശുദ്ധ ദൈവമാതാവിന്റെ പങ്ക് ഓർക്കുമ്പോൾ സൃഷ്ടി മുഴുവനും നന്ദിയോടെ പറയുവാൻ സാധിക്കണം. "നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ" എന്ന്. ■

**സുഭാഷിതങ്ങൾ**

# "മനുഷ്യരുടെ ഇടയിൽ ഉന്നതമായത് ദൈവത്തിന്റെ മുമ്പാകെ നിന്ദ്യമത്രേ" (ലൂക്കോ. 16:15)

**കൊച്ചുപറമ്പിൽ ഗീവർഗ്ഗീസ് റമ്പാൻ**

സമ്പത്ത് സ്വാതന്ത്ര്യബോധവും ഉടമസ്ഥതാ ബോധവും ജനിപ്പിക്കുന്നു. പണത്തിലൂടെ എന്തും നേടാമെന്ന് നാം കരുതുന്നു. ഉടമസ്ഥാവകാശമെന്ന പദം കൊണ്ട് ഏതെങ്കിലും ഒരു വസ്തുവിന്മേൽ തുടക്കം മുതൽ അവസാനം വരെയുള്ള നിയന്ത്രണമാണ് വിവക്ഷിക്കപ്പെടുന്നത്. ഒരു തുണ്ട് ഭൂമി വാങ്ങി അതു നമ്മുടെ സ്വന്തമാണെന്ന് നാം വിശ്വസിക്കുന്നു. പക്ഷേ നമ്മൾ മരിച്ച ശേഷവും ആ ഭൂമി അതുപോലെ നിലനിൽക്കുന്നു. നമ്മളെ അതിജീവിക്കുന്ന ഒന്നിനെ നമ്മൾക്കെങ്ങനെയാണ് സ്വന്തമാക്കാൻ കഴിയുക. അതിന്റെ ഉടമസ്ഥനാകുവാൻ കഴിയുക.

സമ്പത്ത്, ശക്തരെന്നും സ്വതന്ത്രരെന്നുമുള്ള വ്യാമോഹത്തിന് കാരണമായിത്തീരുന്നു. പാരസ്പര്യം അല്ലെങ്കിൽ പരസ്പര ആശ്രയത്വം നിറഞ്ഞ ലോകത്തിലാണ് നാം ജീവിക്കുന്നതെന്ന സത്യത്തെ ഇതുമൂലം പാടേ നമ്മൾ മറക്കുന്നു. കൃഷിക്കാർ തുടങ്ങി എത്രയെത്ര ആളുകളുടെ സേവനങ്ങളെ ആശ്രയിച്ചാണ് നാം ജീവിക്കുന്നത്! ഒരു ഡോക്ടർക്ക് സ്വന്തം ശരീരത്തിൽ ഒരു ചെറിയ ശസ്ത്രക്രിയ നടത്തണമെങ്കിൽ പോലും മറ്റൊരു ഡോക്ടറെ ആശ്രയിക്കേണ്ടിവരും. എന്നാൽ കുറച്ചു കറൻസി നോട്ടുകൾ നല്കി നമ്മൾ ആശ്രയ വിമുക്തരാകാൻ ശ്രമിക്കുകയാണ്. പരസ്പര ആശ്രയത്വം നമ്മളെ വിനയാന്വിതരാക്കുന്നു. സ്വതന്ത്രരാണെന്ന അഹന്ത മനുഷ്യസഹജമായ വിനയത്തിന് വിനയായിത്തീരുന്നു.

ഇപ്പോൾ, മാനുഷിക മൂല്യങ്ങളെ പാടെ അവഗണിച്ച് പണമെന്ന അളവുകോലിലൂടെ സഹജീവികളെ അളക്കാൻ തുടങ്ങിയിരിക്കുന്നു. ലക്ഷാധിപതി, കോടിപതി എന്നു വിളിക്കുന്നത് അഭിനന്ദനങ്ങളല്ല മറിച്ച് അവരിലുള്ള മാനുഷികതയെ അപമാനിക്കലാണ്. കാരണം മനുഷ്യജീവൻ വില മതിക്കുവാൻ സാധിക്കുന്നതല്ലല്ലോ? ആ തിരിച്ചറിവാണ് ഓരോ മനുഷ്യനിലെയും നന്മ. ധനമാർജ്ജിക്കേണ്ടത് കഴിവിലൂടെയായിരിക്കണം. പൈതൃകമായും, അദ്ധ്വാനത്തിലൂടെയും, അധർമ്മത്തിലൂടെയും, അഴിമതിയിലൂടെയും ധനം സമ്പാദിക്കാം. ഇവയിൽ ഏതു മാർഗ്ഗത്തിലൂടെയുള്ള ധനാർജ്ജനത്തിനും അതിന്റേതായ പരിണതഫലങ്ങളുണ്ടാകും. പണം സമാഹരിക്കുന്നതിന്റെ ലക്ഷ്യം ശാന്തിക്കും സമാധാനത്തിനുമാണ്. പക്ഷേ, തെറ്റായ മാർഗ്ഗങ്ങളിലൂടെ ധനമാർജ്ജിക്കുമ്പോൾ ശാന്തിയും സമാധാനവും നമ്മിൽ നിന്നകന്നുപോകുന്നു അതുകൊണ്ടാണ് "ദൈവത്തെയും ധനത്തെയും ഒപ്പം സേവിക്കുവാൻ കഴിയുകയില്ല" (ലൂക്കോ. 16:13). എന്നു കർത്താവ് നമ്മെ ഓർമ്മപ്പെടുത്തുന്നത്.

**ഇന്നത്തെ സമൂഹം ലോകത്തിൽ നിശ്ചിതവും ദൈവത്തിൽ അനിശ്ചിതവും സങ്കല്പിക്കുന്നു. അനിശ്ചിതത്വത്തിൽ സ്ഥിരതയ്ക്കുവേണ്ടി പരിശ്രമിക്കുന്നു. ദൈവീക സ്നേഹം ശാശ്വതമാണെന്ന തിരിച്ചറിവിലൂടെ എല്ലാ അസ്ഥിരതകളെയും മറികടക്കാൻ കഴിയും.**

സ്വാതന്ത്ര്യം, സുരക്ഷ, ഉടമസ്ഥത തുടങ്ങിയ ഭ്രമാത്മകമായ ധാരണകൾ സൃഷ്ടിക്കുന്ന ധനം മായയാണെന്നാണ് പറയുന്നത്. സംസ്കൃതത്തിൽ മായയെന്നാൽ അളക്കാൻ കഴിയുന്നത് ('മീയതേ അനേന ഇതി മായാ') എന്നാണ് അർത്ഥം. ലോകത്തിൽ അളക്കുവാൻ സാധിക്കുന്ന എല്ലാ വസ്തുക്കളും മായയായി സങ്കല്പിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് സ്നേഹം, ദയ, കരുണ, വിവേകം ഇവയെല്ലാം പണത്തിലൂടെ അളക്കുവാൻ ശ്രമിക്കുന്നത്, മാനുഷിക മൂല്യങ്ങളെ അപമാനിക്കലാവുന്നത്. കാരണം ഇവയെല്ലാം അളവിനതീതമായിട്ടുള്ളതാണ്.

അതുപോലെ തന്നെ സമൂഹത്തിലെ എല്ലാ തിന്മകൾക്കും കാരണം പണമാണെന്നു പറഞ്ഞ് പണത്തെ നിശിതമായി വിമർശിക്കുന്നവരുണ്ട്. ധനം അഹങ്കാരത്തിനു കാരണമാകുന്നതുപോലെ അതിന്റെ നിരാകരണവും അഹന്ത തന്നെയാണ്. ചിലർ സമ്പത്തിനെ നിന്ദിച്ചുകൊണ്ട് ദാരിദ്ര്യത്തെ ആലിംഗനം ചെയ്ത് അതിൽ അഹങ്കരിക്കുന്നു. സമൂഹത്തിന്റെ ശ്രദ്ധയും ദയയും പിടിച്ചുപറ്റാനായി മാത്രം! മരുഭൂമിയിലെ പിതാക്കന്മാരും സന്യാസിമാരും മറ്റും പണത്തെ തിരസ്കരിക്കുകയല്ല ചെയ്തിട്ടുള്ളത്. മറിച്ച് അതിനെ ദിവ്യമായി കരുതി ആദരിക്കുകയാണ് ചെയ്തത്. അതുമൂലം അവർ അതിനെ അതിജീവിക്കുകയായിരുന്നു. കാരണം ഭൂമിയിലുള്ള എന്തിനെയെങ്കിലും വെറുക്കുകയോ നിരാകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുമ്പോൾ അതിനെ അതിജീവിക്കുവാൻ കഴിയുകയില്ലെന്ന സത്യം അവർ മനസ്സിലാക്കുന്നു.

അജ്ഞതയിൽ മനുഷ്യൻ അവനവന്റെ സമ്പത്തിൽ സുരക്ഷിതത്വം നേടും ലൂക്കോസ്. 18:22 ൽ കർത്താവിനോടു നിത്യജീവൻ അവകാശമാക്കേണ്ടതിന് എന്തുചെയ്യണമെന്ന ചോദ്യത്തിനു മറുപടി നിനക്കുള്ളതൊക്കെ വിറ്റ് ദരിദ്രർക്കു വിഭജിച്ചു കൊടുക്കുക എന്ന മറുപടിയിൽ ആ യുവാവ് ദുഃഖിതനായിത്തീർന്നു എന്നു നമ്മൾ വായിക്കുന്നു. ഇവിടെ അവനെ ദുഃഖിതനാക്കിയത്, അവനവന്റെ കഴിവിലും, സമൂഹത്തിന്റെ നന്മയിലും ദൈവീക ചൈതന്യത്തിലും വിശ്വാസ

*വനിതാപംക്തി*

# കുടുംബ ബന്ധങ്ങൾ വി. വേദപുസ്തക വെളിച്ചത്തിൽ

**തങ്കമ്മ ദാനിയേൽ**

**വി**വാഹം വി. സഭയിൽ കല്പിച്ച് നിയമിച്ചിട്ടുള്ള ഏഴ് കൂദാശകളിൽ ഒന്നാകുന്നു. വിവാഹമോചനവും സ്ത്രീപീഡനവും തുടർന്ന് നടക്കുന്ന ആത്മഹത്യകളും കൊലപാതകങ്ങളും സർവ്വസാധാരണമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണല്ലോ ഇന്ന് നാം ജീവിക്കുന്നത്. നിത്യേന ഈ സ്ഥിതിവിശേഷം സമൂഹവ്യവസ്ഥിതിയെ ഭയാനകമായ ധാർമ്മിക അധ:പതനത്തിലേയ്ക്ക് നയിക്കുന്നതായി വാർത്താമാധ്യമങ്ങളിലൂടെ ലോകം മനസ്സിലാക്കുന്നു.

വി. വേദപുസ്തകത്തിലൂടെ വിവാഹത്തെക്കുറിച്ച് കർത്താവ് പഠിപ്പിക്കുന്നത് എന്താണ്? “സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു. അതിനാൽ അവൻ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും! അവർ ഇരുവരും ഒരു ശരീരമായിത്തീരും. അതുകൊണ്ട് അവർ രണ്ടല്ല ഒരു ശരീരമാണ്. ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്.”

മനുഷ്യരുടെ ഹൃദയകാഠിന്യം നിമിത്തം ഉപേക്ഷണപത്രം കൊടുത്തു ഭാര്യയെ പിരിച്ചുവിടാമെന്നുള്ള മോശെയുടെ ന്യായപ്രമാണം പരീശന്മാരുടെ ചോദ്യത്തിനുത്തരമായി യേശു വിശദീകരിക്കുന്നതാണ് മേൽ ഉദ്ധരിച്ച വേദഭാഗം. കർത്താവ് കല്പിച്ച അതേ സാഹചര്യങ്ങളും മനുഷ്യരുടെ ഹൃദയകാഠിന്യവും ഇന്ന് ആദിമകാലത്തെ കുടുംബവ്യവസ്ഥിതികളെ തകിടം മറിച്ചിരിക്കുന്നു. സ്നേഹത്തിൽ അടിസ്ഥാനമിട്ട കുടുംബങ്ങൾക്കു പകരം സ്വാർത്ഥ താല്പര്യങ്ങൾക്കും ധനസമ്പാദനത്തിനും മില്ലാത്തതുകൊണ്ടാണ്. ഇന്നത്തെ ലോകം അഭിമുഖീകരിക്കുന്ന ഏറ്റവും സങ്കീർണ്ണമായ പ്രശ്നവും ഇതുതന്നെയാണ്. അസ്ഥിരമായ ഒന്നിൽ സ്ഥിരത അന്വേഷിച്ച് ടെൻഷനും ദുഃഖവും അനുഭവപ്പെടുന്നു. ഇന്നത്തെ സമൂഹം ലോകത്തിൽ നിശ്ചിതവും ദൈവത്തിൽ അനിശ്ചിതവും സങ്കല്പിക്കുന്നു. അനിശ്ചിതത്വത്തിൽ സ്ഥിരതയ്ക്കുവേണ്ടി പരിശ്രമിക്കുന്നു. ദൈവീക സ്നേഹം ശാശ്വതമാണെന്ന തിരിച്ചറിവിലൂടെ എല്ലാ അസ്ഥിരതകളെയും മറികടക്കാൻ കഴിയും.

ലോകം മാറ്റങ്ങൾക്കു വിധേയമാണ്. മാറാത്തതു ദൈവസ്നേഹം മാത്രമാണ് (യോഹന്നാൻ 4:16). മാറാത്തതിനെ മുറുകേ പിടിച്ച് മാറ്റത്തെ സ്വീകരിക്കണം. എല്ലാം മാറുന്നവയാണെന്നു തിരിച്ചറിയുമ്പോൾ മാത്രമാണ് നമ്മൾ സ്വാതന്ത്ര്യം അനുഭവിക്കുകയുള്ളൂ. അതു വിമോചനമാണ്. തിന്മയിൽ നിന്നും, സ്വാർത്ഥതയിൽ നിന്നുമുള്ള വിമോചനം. അജ്ഞതമൂലമുള്ള അനിശ്ചിതത്വമാണ് ടെൻഷനും മനോവിഷമത്തിനും കാരണമായിത്തീരുന്നത്. എന്നാൽ അവബോധത്തോടെയുള്ള അനിശ്ചിതത്വം നമ്മളിലെ ആത്മീയതയെ ശക്തീകരിക്കും.

സ്ഥിരതയാണ് സ്വാതന്ത്ര്യമെന്ന് നമ്മൾ കരുതുന്നു, പക്ഷേ യഥാർത്ഥ സ്വാതന്ത്ര്യം അസ്ഥിരതയെക്കുറിച്ചുള്ള അവബോധമാണ്. നശ്വരമായ ലോകമാണ് നമ്മുടെ സ്ഥിരതയ്ക്കും അസ്ഥിരതയ്ക്കും അടിസ്ഥാനമായിട്ടുള്ളത്. പക്ഷേ ഈ നശ്വരമായിട്ടുള്ളവയെല്ലാം അസ്ഥിരവും, അനിശ്ചിതവുമാണെന്ന തിരിച്ചറിവ് ഒരുവനെ അത്മാവിന്റെ അനശ്വരതയെക്കുറിച്ചു ബോധവാനാക്കുന്നു (ഇയ്യോബ് 14:1–2). നമ്മുടെ ജീവിതത്തിൽ എത്രമാത്രം അനിശ്ചിതത്വമുണ്ടെങ്കിലും നമ്മളിൽ ഉത്സാഹം നഷ്ടമാകാറുണ്ടോ? ഇതു സാധ്യമാക്കുന്നത് നമ്മിലെ ജ്ഞാനമാണ്. സാധാരണയായി അനിശ്ചിതത്വവും അസ്ഥിരതയും അഭിമുഖീകരിക്കുമ്പോൾ നമ്മൾ തളർന്നു പ്രവർത്തിക്കാതെ സ്ഥിരതയ്ക്കുവേണ്ടി കാത്തിരിക്കുന്നു. എന്നാൽ അനിശ്ചിതത്വത്തിലും കർമ്മോന്മുഖരാകുമ്പോൾ ജീവിതം വിരസതയിൽ നിന്നു വിനോദമായിത്തീരുന്നു. അതൊരു വെല്ലുവിളിയാണ്, നിശ്ചിതത്വത്തെ സ്വീകരിക്കുകയെന്നാൽ ഒന്നും പിടിച്ചു വെയ്ക്കാതിരിക്കലാണ്. അസ്ഥിരമായ ഈ ലോകത്തിൽ സ്ഥിരത കാംക്ഷിക്കുമ്പോൾ ഉത്സാഹക്കുറവും തളർച്ചയും തോന്നും. ദൈവീക സ്നേഹത്തെ കണ്ടെത്തുന്നതും അതു നമ്മിൽ ആവാഹിക്കുന്നതും മാത്രമാണ് അതിനു പ്രതിവിധി.

ഒരു വസ്തു അതിമനോഹരവും അമിതമായി ആനന്ദം നൽകുന്നതുമാണെങ്കിൽ നമ്മൾ അതിനെ സ്വപ്നമായി കാണുന്നു. പക്ഷേ ദുഃഖത്തെ നമ്മൾ ഒരിക്കലും സ്വപ്നമായി കാണുന്നില്ല, അത് സത്യമാണെന്നു നാം പൂർണ്ണമായി വിശ്വസിക്കുകയും ചെയ്യുന്നു. അതായത് സത്യത്തെ അസത്യമായും, അസത്യത്തെ സത്യമായും നമ്മൾ ദർശിക്കുന്നു. ദുഃഖം അയഥാർത്ഥമാണ്. ജ്ഞാനി തന്റെ സ്വരൂപം ആനന്ദമാണെന്നറിഞ്ഞുകൊണ്ട് അതിനെ സത്യമായി കാണുന്നു. ഓർമ്മ നമ്മളിൽ അടിച്ചേല്പിക്കുന്നതാണ് ദുഃഖം. അതുകൊണ്ടുതന്നെ അത് അയഥാർത്ഥവുമാണ്. എല്ലാം സ്വപ്നമാണെന്നറിയുവാൻ കഴിഞ്ഞാൽ മാത്രമേ ഈ ലോകത്തിലെ നമ്മുടെ വാസം പൂർണ്ണതയിലെത്തുകയുള്ളൂ. അതു നന്മയിലേയ്ക്കുള്ള, കുരിശിലേയ്ക്കുള്ള വഴിയാണ് (മത്തായി 16:24) അതു നമ്മെ ആത്മജ്ഞാനികളാക്കും. ■

സ്ഥാനമാനങ്ങൾക്കും പ്രധാന സ്ഥാനം കൊടുത്തുകൊണ്ട് ദുരഭിമാനത്തിന്റെ കൊടുമുടിയിൽ ബന്ധങ്ങൾ നിലനിർത്താൻ ശ്രമിക്കുകയാണ് ഇന്നത്തെ കുടുംബങ്ങൾ. അതിന്റെ ഫലമോ ദയനീയമായ വീഴ്ചയാണ്. പൗലോസ് അപ്പോസ്തോലൻ ഭാര്യാഭർത്താക്കന്മാരെ ഉപദേശിക്കുന്നത് ശ്രദ്ധിക്കാം. "ഭാര്യമാരേ, കർത്താവിന് എന്നതുപോലെ നിങ്ങൾ സ്വന്തം ഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ. ക്രിസ്തു സഭയ്ക്ക് ശിരസ്സാകുന്നതുപോലെ ഭർത്താവ് ഭാര്യയ്ക്ക് ശിരസ്സാകുന്നു. സഭ ക്രിസ്തുവിന് കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും അവരവരുടെ ഭർത്താക്കന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കണം." ഭാര്യമാരോടുള്ള ഈ ഉപദേശം പലപ്പോഴും ഏകപക്ഷീയമായി പരാമർശിക്കപ്പെടാറുണ്ട്. വേദപുസ്തകത്തെ സ്വന്തം താല്പര്യങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് വിശദീകരിക്കുന്നവർ അടുത്തഭാഗം സൗകര്യപൂർവ്വം വിസ്മരിക്കുന്ന അനുഭവങ്ങൾ പലപ്പോഴും കണ്ടുവരുന്നുണ്ട്.

അപ്പോസ്തോലൻ തുല്യപ്രാധാന്യം കൊടുത്ത് ഭർത്താക്കന്മാരോട് പറയുന്നത് ഇപ്രകാരമാണ്. "ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ നിങ്ങളും നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ." അവൻ അവളെ വചനത്തോടു കൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിന് കറ, ചുളുക്കം, മുതലായത് ഒന്നുമില്ലാതെ സഭയെ ശുദ്ധയും നിഷ്ക്കളങ്കയും ആയി തനിക്ക് തന്നെ തേജസ്സോടെ മുൻനിറുത്തേണ്ടതിനും തന്നെ താനവൾക്കുവേണ്ടി ഏല്പിച്ചു കൊടുത്തു. അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്തം ശരീരത്തെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെയാകുന്നു സ്നേഹിക്കുന്നത്. ആരും സ്വന്ത ശരീരത്തെ ഒരുനാളും ദ്വേഷിക്കുന്നില്ലല്ലോ. ക്രസ്തുവും അതുപോലെതന്നെ സഭയെ പോറ്റി പുലർത്തുകയത്രേ ചെയ്യുന്നത്. നിങ്ങളും അങ്ങനെതന്നെ ഓരോരുത്തൻ താന്താന്റെ ഭാര്യയെ തന്നെപ്പോലെതന്നെ സ്നേഹിക്കണം." ഈ ലേഖനത്തിലൂടെ കുടുംബ ബന്ധങ്ങളെ അരക്കിട്ടുറപ്പിക്കുന്ന ഘടകം പരസ്പരസ്നേഹവും സ്നേഹത്തിൽ നിന്നുണ്ടാകുന്ന അനുസരണവും അതിനെ നിലനിർത്തുന്ന ത്യാഗമനസ്ഥിതിയും ആണെന്ന് അപ്പോസ്തോലൻ സമർത്ഥിക്കുന്നു. ഈ സന്ദേശം പ്രായോഗികമാകണമെങ്കിൽ കുടുംബജീവിതത്തിന്റെ അടിത്തറ മുതൽ ദൈവവുമായ ബന്ധത്തിൽ കെട്ടിപ്പടുക്കാൻ ശ്രദ്ധിക്കണം.

പഴയ നിയമത്തിലെ അപ്പോക്രീഫാ പുസ്തകത്തിൽക്കൂടെ ദൈവയിഷ്ടത്തിൽ അടിസ്ഥാനമിട്ട അനുഗ്രഹിക്കപ്പെട്ട ഒരു കുടുംബത്തെ പരിചയപ്പെടുന്നത് പ്രയോജനകരമായിരിക്കും. "തൂബീദി" പുസ്തകത്തിൽ തൂബീദിന്റെ മകൻ തോബീയാവിനെക്കുറിച്ച് വിവരിച്ചിരിക്കുന്നു. തൂബീദിന്റെ കുടുംബം ദൈവത്തെ അറിഞ്ഞും സ്നേഹിച്ചും ദൈവത്തോടാലോചന ചെയ്തും സൽക്കർമ്മങ്ങൾ ചെയ്തും കൃത്യമായി ദശാംശം കൊടുത്തും ജീവിച്ച് പോന്നിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ ഹന്നായും നീതിമാർഗ്ഗത്തിലും ദൈവഭയത്തിലും ജീവിച്ചിരുന്നു. ആദ്യഫലങ്ങളും വിളവിന്റെ ദശാംശങ്ങളും ജറുസലേം ദേവാലയത്തിലെ ശുശ്രൂഷയ്ക്കായി ആണ്ടുതോറും കൊടുക്കുക പതിവായിരുന്നു. പുണ്യപ്രവൃത്തികൾ ചെയ്യുന്നതിലും അർഹരായവർക്ക് തന്നാൽ കഴിയുന്ന സഹായങ്ങൾ ചെയ്യുന്നതിലും തൂബീദ് ബദ്ധശ്രദ്ധാലുവായിരുന്നു. തന്റെ ജീവിതം ദുരിതപൂർണ്ണമായി കാഴ്ച നഷ്ടപ്പോൾ തന്റെ പുത്രനെ വിളിച്ച് ഭാവിയിൽ എങ്ങനെയെല്ലാം ജീവിക്കണമെന്ന് ഉപദേശിക്കുകയും മാതാവിനെയും കുടുംബത്തെയും സംരക്ഷിക്കേണ്ടതിനെക്കുറിച്ചും മദ്യപാനം, വേശ്യാദോഷം ഇവയിൽ നിന്നെല്ലാം ഒഴിഞ്ഞിരിക്കേണ്ടത് സംബന്ധിച്ചും ഉദ്ബോധിപ്പിച്ചു. ഇപ്പോഴത്തെ ദരിദ്രാവസ്ഥയെക്കുറിച്ച് ഭയപ്പെടേണ്ട എന്നും മറിച്ച് ദൈവത്തെ ഭയപ്പെടുകയും എല്ലാവിധ പാപത്തിൽ നിന്നകന്നിരിക്കുകയും തിരുസന്നിധിയിൽ പ്രസാദമുള്ളത് ചെയ്യുമ്പോൾ ദൈവം സമൃദ്ധി തരുമെന്ന് ആശ്വസിപ്പിക്കുകയും ചെയ്തു. തൂബീദിന്റെ പ്രാർത്ഥനയുടെ ഫലമായി ദൈവത്തിന്റെ മാലാഖ തോബിയായെ സഹായിക്കുന്നതിനായി വരികയും തനിക്ക് ലഭിപ്പാനുള്ള സമ്പത്ത് വാങ്ങുവാൻ മാലാഖായോടൊപ്പം തോബിയായെ അയയ്ക്കുകയും ചെയ്യുന്നു. "സ്വർഗ്ഗത്തിൽ വസിക്കുന്നവനായ ദൈവം നിങ്ങളുടെ യാത്ര ശുഭമാകട്ടെ അവന്റെ മാലാഖ നിങ്ങളോടുകൂടെ പോരും" എന്നു പറഞ്ഞാണ് പിതാവ് പുത്രനെ യാത്രയാക്കുന്നത്. മാലാഖയുടെ ഉപദേശപ്രകാരം തോബിയാവ് തൂബീദിന്റെ ഗോത്രക്കാരനായ റെഗുവേലിന്റെ ഭവനത്തിൽ ചെല്ലുകയും റെഗുവേലിന്റെ മകളായ സാറായെ വിവാഹം ചെയ്യുകയും ചെയ്യുന്നു. വിവാഹ നിശ്ചയത്തിന്റെ സമയത്ത് സാറായുടെ പിതാവ് പറയുന്നു "നിയമപ്രകാരം നിനക്ക് ഞാനവളെ ഭാര്യയായി തരുന്നു. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥൻ ഈ രാത്രിയിൽ നിങ്ങളുടെ മാർഗ്ഗത്തെ ശുഭമാക്കട്ടെ. സമാധാനത്താൽ നിങ്ങളുടെ മേൽ താൻ കരുണ ചെയ്യട്ടെ." മാതാവും "എന്റെ മകളെ ഈ രാത്രിയിൽ സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥൻ നിന്നോട് കരുണ ചെയ്യും. നിനക്ക് മുമ്പുണ്ടായിരുന്ന സങ്കടത്തിന് പകരമായി അവൻ നിനക്ക് സന്തോഷം തരും." ഇങ്ങനെ ദൈവത്തിൽ ആശ്രയിച്ച് ദൈവാനുഗ്രഹങ്ങളിൽ ഉറച്ച വിശ്വാസത്തോടെ മകളെ കുടുംബജീവിതത്തിലേയ്ക്ക് പ്രവേശിപ്പിക്കുന്ന മാതാപിതാക്കൾ എത്ര നല്ല മാതൃകയാണ് നമുക്ക് കാണിച്ചുതരുന്നത്! (തൂബീദ്. 7:13-15).

മാലാഖയുടെ ഉപദേശപ്രകാരം തോബിയാ സാറായെ ബാധിച്ചിരുന്ന പിശാചിനെ ഓടിക്കുകയും ദൈവകൃപയിൽ ആശ്രയിച്ച് ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യുന്നു. "ദൈവമായ കർത്താവേ നീ വാഴ്ത്തപ്പെട്ടവനാകു

ന്നു. നിന്റെ നാമം എന്നേയ്ക്കും വാഴ്ത്തപ്പെട്ടതാകുന്നു. പുരുഷ നെയും സ്ത്രീയെയും സൃഷ്ടിക്കു കയും ഭാര്യയെ ഭർത്താവിന് സഹാ യിയാക്കിത്തീർക്കുകയും ചെയ്തവൻ നീയാകുന്നു. അവിടുത്തെ കൃപയാൽ വാർദ്ധക്യം വരെയും ഞങ്ങൾ ഒരുമിച്ച് ജീവിക്കുമാറാകേണമേ" (അദ്ധ്യായം 8:5-10). ദൈവത്തെ സ്തുതിച്ച് ആരാ ധിച്ച് തന്നിലാശ്രയിക്കുന്ന ഒരു കുടുംബം അനുഗ്രഹിക്കപ്പെടും എന്ന് ഈ കുടുംബം നമ്മെ പഠിപ്പിക്കുന്നു.

സാറായ്ക്കും തോബിയായ്ക്കും സാറായുടെ മാതാപിതാക്കൾ നൽ കുന്ന ഉപദേശം ഓരോ നവദമ്പതി കൾക്കും ഉത്തമമായ ഉപദേശമാണ്. സാറായുടെ പിതാവായ റെഗുവേൽ "എന്റെ മക്കളേ നിങ്ങൾ സമാധാന ത്തോടെ പൊയ്ക്കൊള്ളുവിൻ. സ്വർഗ്ഗ ത്തിന്റെയും ഭൂമിയുടെയും നാഥൻ നിങ്ങളുടെ വഴി സുഗമമാക്കിത്തരും. എന്റെ മകളേ, നീ നിന്റെ അമ്മായ പ്പനും അമ്മായമ്മയ്ക്കും മാന്യയായി രിക്കുക. എന്തെന്നാൽ ഞങ്ങൾ നിങ്ങൾക്ക് മാതാപിതാക്കന്മാരായിരി ക്കുന്നതു പോലെ ഇപ്പോൾ മുതൽ അവരാണ് നിന്റെ മാതാപിതാക്കൾ. വീണ്ടും തോബിയായോട് ദൈവതിരു സന്നിധിയിൽ എന്റെ മകളെ ഞാൻ നിനക്ക് ഭരമേല്പിക്കുന്നു. അവളുടെ ആയുഷ്ക്കാലത്തൊരിക്കലും നീ അവൾക്ക് ദുഃഖം വരുത്തരുത്. എന്തെ ന്നാൽ ഇനിയും ഞാൻ നിന്റെ അമ്മ യും സാറാ നിനക്ക് സഹോദരിയുമാ യിരിക്കും." ഈ ഉദ്ബോധനങ്ങൾ മനസ്സാ സ്വീകരിച്ച തോബിയ ദൈവ ത്തെ സ്തുതിച്ചുകൊണ്ട് ഇപ്രകാരം പ്രാർത്ഥിച്ചു. "എന്റെ അമ്മായപ്പനും അമ്മായമ്മയ്ക്കും അവരുടെ ആയു ഷ്ക്കാലമെല്ലാം എന്റെ മാതാപിതാക്ക ളോടെന്നപോലെ ഞാൻ മാന്യതയു ള്ളവനായിരിക്കേണമേ!" ഈ പ്രാർ ത്ഥനയോടെ ഭാര്യയോടൊപ്പം സ്വഭ വനത്തിലേയ്ക്ക് പോയി. മാലാഖ സ്വന്തം ഭവനത്തിലെ കാര്യങ്ങൾ ക്രമീകരിപ്പാൻ തോബിയായെ മുമ്പോ ട്ടയച്ച് റഫായേൽ മാലാഖയുടെ നിർദ്ദേശ പ്രകാരം പിതാവിന്റെ അന്ധ ത മാറ്റി കാഴ്ച ലഭിച്ചു. എല്ലാ വിവര ങ്ങളും തോബിയായിൽ നിന്നറിഞ്ഞ് മാതാപിതാക്കൾ ദൈവത്തെ സ്തു തിച്ച് കോട്ടയുടെ വാതിൽക്കൽ എത്തി യിരുന്ന സാറായെ വളരെ സന്തോഷ ത്തോടെ സ്വീകരിച്ച് അവളെ അനുഗ്ര ഹിച്ച് ഇപ്രകാരം പറഞ്ഞു. "എന്റെ മകളെ നീ സമാധാനത്തോടെ വന്നി രിക്കുന്നു. നിന്റെ പിതാവും മാതാവും അനുഗൃഹീതർ. എന്റെ അടുക്ക ലേയ്ക്ക് നിന്നെ കൊണ്ടു വന്നവൻ വാഴ്ത്തപ്പെട്ടവൻ. എന്റെ മകൻ അനു ഗൃഹീതൻ. എന്റെ മകളേ, നീയും അനുഗൃഹീത." ആ ഭവനത്തിൽ മഹാസന്തോഷം ഉണ്ടായി. വിവാഹി തരായി പുതിയ കുടുംബങ്ങൾ രൂപ പ്പെടുത്തുവാൻ ആരംഭിക്കുന്നവർക്ക് തൂബീദിന്റെ ഭവനവും റെഗുവേലിന്റെ ഭവനവും ദൈവഭക്തനും പിതാവി നെയും മാതാവിനെയും സ്നേഹിക്കു കയും ചെയ്ത തോബിയായും കഷ്ട തയിലും ദുഃഖങ്ങളിലും ദൈവാശ്രയം കൈവിടാതെ പ്രത്യേശയോടെ ദൈവ കൃപ കാത്തിരുന്നവളായ സാറായും മാർഗ്ഗദർശനം നല്കട്ടെ എന്നു പ്രാർ ത്ഥിക്കുന്നു.

## പുതിയ ഭാരവാഹികൾ

പിറവം വലിയപള്ളിയിൽ 2010 ജൂൺ മാസം 20-ാം തീയതി ഞായ റാഴ്ച ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാ സ്യോസ് തിരുമേനിയുടെ അദ്ധ്യക്ഷ തയിൽ ചേർന്ന വാർഷിക പൊതു യോഗത്തിൽ ട്രസ്റ്റിമാരായി എം.വി. സൈമൺ, കെ. പി. ജോൺ എന്നിവ രെയും സെക്രട്ടറിയായി യു. പി. ജോണിനെയും 48 ഭരണസമിതി അംഗങ്ങളെയും തെരഞ്ഞെടുത്തു.

## പ്രാർത്ഥനാസംഗമം

പിറവം വലിയപള്ളിയുടെ നേ തൃത്വത്തിലുള്ള പ്രാർത്ഥനായോഗ ങ്ങളുടെ വാർഷിക പൊതുയോഗം 2010 ജൂൺ 13-ാം തീയതി ഞായറാഴ്ച കാതോലിക്കേറ്റ് സെന്ററിൽ വച്ച് വികാരി ഫാ. സഖറിയ വട്ടക്കാട്ടിലി ന്റെ അദ്ധ്യക്ഷതയിൽ കൂടി. ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് മുഖ്യപ്രഭാ ഷണം നടത്തി. തദവസരത്തിൽ നിർധനരായ വിദ്യാർത്ഥികൾക്ക് പഠ നോപകരണങ്ങൾ കൊച്ചുപറമ്പിൽ ഗീവർഗ്ഗീസ് റമ്പാൻ വിതരണം ചെ യ്തു. ഫാ. ജോസഫ് മങ്കിടി, ഫാ. വി. എം. മാത്യു, ഫാ. ബിനോയ് ജോൺ എന്നിവർ ആശംസകൾ അർപ്പിച്ചു. ഫാ. സൈമൺ വർഗ്ഗീസ് സ്വാഗതവും വി.പി. വർഗീസ് കൃതജ്ഞതയും രേഖപ്പെടുത്തി.

## അദ്ധ്യാപകയോഗം

OSSAE, മൂവാറ്റുപുഴ ഡിസ്ട്രി ക്റ്റ് അദ്ധ്യാപകയോഗം 2010 ജൂലൈ 10-ാം തീയതി ശനിയാഴ്ച പെരിയാമ്പ്ര സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 10 മണിക്ക് ഉദ്ഘാടന സമ്മേളന ത്തോടെ യോഗം ആരംഭിച്ചു. സഭാ മാനേജിംഗ് കമ്മിറ്റിഅംഗം ബോസ് എബ്രഹാം തളിയംചിറ യോഗം ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ഫാ. എബ്രഹാം കാരാമ്മേൽ അദ്ധ്യ ക്ഷത വഹിച്ചു. ഡിസ്ട്രിക്റ്റ് പ്രസി ഡന്റ് ഫാ. മാത്യൂസ് കാഞ്ഞിരംപാറ, ഭദ്രാസന സെക്രട്ടറി കെ.എം. ജോസ ഫ് എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് സൺഡേ സ്കൂൾ ഭദ്രാസന ഡയറക്ടർ ഫാ. ഏലിയാ സ് കുറ്റിപ റിച്ചേൽ ആരാധന പഴയനിയമ വീക്ഷ ണത്തിൽ എന്ന വിഷയത്തെ ആസ്പ ദമാക്കി ക്ലാസ്സെടുത്തു. സൺഡേ സ്കൂൾ അദ്ധ്യാപനം സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തെ അധീകരിച്ച് ഗ്രൂപ്പ് ചർച്ചയും പൊതു ചർച്ചയും സംഘടിപ്പിക്കപ്പെട്ടു. ഫാ. ഷിബു കുര്യൻ മോഡറേറ്റർ ആയിരു ന്നു. ഉച്ചകഴിഞ്ഞ് വി. മർക്കോസിന്റെ സുവിശേഷം, ആമോസിന്റെ പ്രവചന പുസ്തകം എന്നിവ അടിസ്ഥാന മാക്കി ഫാ. ഏലിയാസ് ചെറുകാട്ട് വിജ്ഞാനപ്രദമായ ക്വിസ്സ് നയിച്ചു. വിവിധ സൺഡേസ്കൂളുകളിൽ നി ന്നായി 50 ൽ പരം അദ്ധ്യാപകർ പങ്കെ ടുത്തു. പി.എ. തോമസ്, സാറാമ്മാ സ്കറിയ, പി.കെ ജോൺ എന്നിവർ നേതൃത്വം നൽകി.

N.R.No.:412140/90
Reg. No. KL/ALY/0041/2009-11 DIOCESAN BULLETIN
2010 July 15
Rs. 5/-

## കോതമംഗലം പള്ളി: യാക്കോബായ പക്ഷത്തിന്റെ വാദം ഹൈക്കോടതി തള്ളി

കൊച്ചി: കോതമംഗലം മാർത്തോമാ ചെറിയപള്ളി വിധി നടത്തിപ്പ് ഹർജി നിലനിൽക്കുന്നതല്ലെന്ന പള്ളി കമ്മിറ്റിയുടെ വാദം ഹൈക്കോടതി തള്ളിക്കളഞ്ഞു. ജസ്റ്റിസ് പി. ദേവദാസിന്റേതാണ് വിധി.

കോതമംഗലം മാർത്തോമാ ചെറിയപള്ളിയുടെ ഭരണം സംബന്ധിച്ച് 1974 മുതൽ നടന്നുവരുന്ന കേസ്സിൽ ഓർത്തഡോക്സ് വിഭാഗത്തിന് അനുകൂലമായി ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധി പറഞ്ഞിരുന്നു. തുടർന്ന് മറുവിഭാഗം നൽകിയ അപ്പീൽ നിരാകരിച്ച് ഉണ്ടായ സുപ്രീംകോടതി ഡിവിഷൻ ബെഞ്ചിന്റെ വിധി നടപ്പാക്കിത്തരണമെന്നാവശ്യപ്പെട്ട് ഇടവകാംഗങ്ങളായ കെ.വി. ജെയിംസ്, മാറാച്ചേരിൽ ബാബു പോൾ എന്നിവർ സമർപ്പിച്ച വിധിനടത്തിപ്പു ഹർജിയാണ് കോടതി പരിഗണിച്ചത്.

മാർത്തോമ ചെറിയപള്ളി ഭരിക്കേണ്ടത് 1934-ലെ ഓർത്തഡോക്സ് ഭരണഘടനയനുസരിച്ചാണെന്നും അതനുസരിച്ചുള്ള കാതോലിക്കായും ഭദ്രാസന മെത്രാപ്പോലീത്തായും നിയമിക്കുന്ന വൈദീകർക്കു മാത്രമേ പള്ളിയിൽ പ്രവേശനമുള്ളൂ എന്നും വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ചുള്ള വികാരി മാറാച്ചേരിൽ തോമസ് പോൾ റമ്പാനും അസി. വികാരി ഇടയനാൽ മത്തായി കോർഎപ്പിസ്കോപ്പയുമാണ്. തോമസ് മാർ ദിവന്നാസിയോസോ മറ്റാരെങ്കിലുമോ നിയമിക്കുന്ന വൈദീകർക്കും സഭാസ്ഥാനികൾക്കും പള്ളിയിൽ പ്രവേശിക്കുന്നതിനും വിലക്കുണ്ട്. വൈദീകരെ നിയമിക്കുവാനും നീക്കം ചെയ്യുവാനും പള്ളി മുതലുകൾ ചെലവിടുന്നതിനും നിലവിലുള്ള കമ്മിറ്റിക്ക് അധികാരമില്ലെന്നും സുപ്രീംകോടതി വിധിയിൽ പറയുന്നു. പള്ളിപൊതുയോഗം വിളിച്ചുകൂട്ടുന്നതിനും എന്തെങ്കിലും തീരുമാനം എടുക്കുന്നതിനും ഓർത്തഡോക്സ് വിഭാഗത്തിനു മാത്രമാണ് അധികാരമുള്ളത്.

മാത്യൂസ് ദ്വിതീയൻ ബാവയുടെ തെരഞ്ഞെടുപ്പോടെ വിധി നടത്തിപ്പ് കഴിഞ്ഞു എന്നും വിധി ലഭിച്ചവരല്ല വിധി നടത്തിപ്പ് ഹർജി നൽകിയതെന്നും അതിനാൽ വിധിനടത്തിപ്പ് സാധ്യമല്ലെന്നുമുള്ള പാത്രിയർക്കീസ് വിഭാഗത്തിന്റെ വാദം കോടതി അംഗീകരിച്ചില്ല.

മലങ്കര സഭയിൽ 2005 ൽ ഉണ്ടായ അന്തിമവിധിക്കുശേഷം നടത്തുന്ന ആദ്യത്തെ വിധി നടത്തിപ്പു ഹർജിയാണ് കോതമംഗലം പള്ളിയുടേത്. വാദിഭാഗത്തിനു വേണ്ടി അഡ്വ. എ. കെ. ഗാംഗുലി, അഡ്വ. കെ. കെ. അപ്പു എന്നിവരും നിലവിലുള്ള കമ്മിറ്റിക്കുവേണ്ടി അഡ്വ. കെ. രാംകുമാറും ഹാജരായി.

## മേഖലാ സംഗമവും മെത്രാപ്പോലീത്താമാർക്ക് സ്വീകരണവും

പുത്തൻകുരിശ്: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ തിരുവാണിയൂർ മേഖലാസംഗമവും നവാഭിഷിക്തരായ ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ്, യാക്കോബ് മാർ ഏലിയാസ്, ജോഷ്വാമാർ നിക്കോദിമോസ് ഡോ. സഖറിയ മാർ അപ്രേം ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ്, ഡോ. അബ്രഹാം മാർ സെറാഫിം എന്നീ മെത്രാപ്പോലീത്താമാർക്ക് സ്വീകരണവും 2010 ജൂലായ് 25-ാം തീയതി ഞായറാഴ്ച വൈകിട്ട് 4 മണിക്ക് പുത്തൻകുരിശ് എം.ജി.എം. ഹൈസ്കൂളിന് സമീപം മാർ ബസേലിയോസ് മാത്യൂസ് ദ്വിതീയൻ നഗറിൽ നടക്കുന്നു. സ്വീകരണ സമ്മേളനത്തിൽ മത, രീഷ്ട്രീയ, സാമൂഹ്യ രംഗങ്ങളിലെ പ്രമുഖർ പങ്കെടുത്ത് ആശംസകൾ അർപ്പിക്കുന്നു. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത, ഫാ. ഏലിയാസ് ചെറുകാട്ട്, ഫാ. ഏലിയാസ് കുറ്റിപറിച്ചേൽ, കെ.പി. യോഹന്നാൻ മുതലായവർ നേതൃത്വം നൽകും.

## ജന്മദിനം ആഘോഷിച്ചു

ഇടവക മെത്രാപ്പോലീത്ത അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ 59-ാം ജന്മദിനം 2010 ജൂൺ 26-ാം തീയതി ശനിയാഴ്ച വടകര ഗിലയാദ് ധ്യാനകേന്ദ്രത്തിൽ ആഘോഷിച്ചു. അന്നേദിവസം രാവിലെ 8 മണിക്ക് അഭി. തിരുമേനി വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് നടന്ന അനുമോദനയോഗത്തിൽ അഭി. തിരുമേനി ജന്മദിന കേക്ക് മുറിച്ചു. ഫാ. എബ്രാഹാം കാരാമ്മേൽ, കൊച്ചുപറമ്പിൽ ഗീവർഗ്ഗീസ് റമ്പാൻ, ഫാ. ഏലിയാസ് ജോൺ, ഫാ. സൈമൺ വർഗീസ്, റ്റി.പി. ജോർജ്ജ് എന്നിവർ ആശംസകൾ അർപ്പിച്ചു. ധ്യാനകേന്ദ്രത്തിന്റെ പുതിയ ബ്ലോക്കിന്റെ കട്ടിളവയ്പ്പും 'ഭൂമിയ്ക്കൊരു കുട' എന്ന പദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈകളുടെ ഭദ്രാസനതല വിതരണോദ്ഘാടനവും അഭി. തിരുമേനി നിർവ്വഹിച്ചു.

### ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

| | |
|---|---|
| 2 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 4000 രൂ. (100 ഡോളർ) |

വരിസംഖ്യാ കാലാവധി തീർന്നവർ പുതുക്കുക.

Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha